KOTTAYAM PUBLIC LIBRARY

Call No. M 200 Acc. No. 14205

Author ഗശി (ഫാദർ)

Title വി. അന്നാ അമ്മ

923

4

# വി. അന്നാ അമ്മ

പ്രസാധകൻ

ഫാദർ ഗ്രഗറി, സി. ഡി.

(മൂന്നാം പതിപ്പ്)

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

ST. JOSEPH'S PRESS.
MANNANAM
1952.

**Nihil Obstat.**

FR. ANASTASIUS, T. O. C. D.,
FR. JEROME, T. O. C. D.

*Censores Deputati.*

*Coonamavoo,*
Feast of St. John of the Cross,
24th Nov. 1937.

**Imprimi Potest**

Fr. Bartholomew of Jesus, T. O. C. D.
PRIOR GENERAL.

Coonamavoo,
*Feast of St. Francis Xavier.*
*3rd Dec. 1937.*

**Reimprimatur.**

† *Mathew Kavukatt,*
*Bp. of Changanacherry.*

Changanacherry,
25—2—1952.

200

# വിഷയവിവരം

പ്രസ്താവന— 1. വി. അന്നാഅമ്മയുടെ വിശുദ്ധിയും സ്ഥാനൌന്നത്യവും—2. വിശുദ്ധയോടുള്ള പൊതുവായ വണക്കം—3. വിശുദ്ധയുടെ തിരുശേഷിപ്പുകൾ അത്ഭുതകരമായി കണ്ടുകിട്ടിയതു—4. അമേരിക്കയിൽ വിശുദ്ധയോടുള്ള ഭക്തിയും അതിനുള്ള നിദാനവും—5. പരി. ക. മറിയവും വി. അന്നാഅമ്മയും—6. വിശുദ്ധയുടെ ഭക്തരായിരുന്ന ചില മഹാത്മാക്കൾ—7. വിശുദ്ധയുടെ മാദ്ധ്യസ്ഥം മൂലമുള്ള അത്ഭുതങ്ങളും, അനുഗ്രഹങ്ങളും—8. ക്രിസ്തീയ മാതാക്കളുടെ മദ്ധ്യസ്ഥ—9. വിശുദ്ധയുടെ മാദ്ധ്യസ്ഥശക്തി; കന്യകകളുടെ ആശ്രയം; ദുഃഖിതരുടെ ആശ്വാസം; അഗതികളുടെ മാതാവ്; രോഗികളുടെ സുഖദായിക; സന്താനരഹിതരുടെ ആലംബം; ഗർഭിണികളുടെ സഹായം; മാതാക്കളുടെയും വിവാഹിതരുടെയും മാതൃക; വിധവകളുടെ സംരക്ഷക; തൊഴിലാളികളുടെ രക്ഷാധികാരിണി; നന്മരണത്തിന്റെ മദ്ധ്യസ്ഥ—10. ചൊവ്വാഴ്ച: വി. അന്നാഅമ്മയുടെ ദിനം—വിശുദ്ധയോടുള്ള വിവിധ പ്രാർത്ഥനകൾ.

# പ്രസ്താവന

Good St. Anne എന്ന പേരിലുള്ള ഒരു ചെറിയ ഇംഗ്ലീഷ് പുസ്തകത്തിൻെറ സ്വതന്ത്ര പരിഭാഷയാണ് 'വി. അന്നാ അമ്മ' എന്ന ഈ കൃതി. ദൈവജനനിയുടെ മാതാവായ വി. അന്നാ അമ്മയുടെ നേൎക്കുള്ള ഭക്തി, മരിയഭക്തരായ കേരളീയരിൽ പൂൎവ്വകാലം മുതൽ രൂഢമൂലമായിരുന്നു എന്നതിനു തെളിവുകൾ ഇല്ലാതില്ല. എങ്കിലും പുതിയ പുതിയ ഭക്തികളുടെ ആവിൎഭാവത്തോടുകൂടെ ഈ ഭക്തി മന്ദീഭവിച്ചിരിക്കുന്നതായി തോന്നുന്നു. അതിനാൽ, ദൈവജനനിക്കും തൻെറ ദിവ്യകുമാരനും അത്യന്തം പ്രസാദജനകവും, നമുക്കു അത്യന്തം പ്രയോജനകരവുമായ ഈ പൂൎവ്വഭക്തിയിൽ കേരളീയകത്തോലിക്കരെ ഉദ്ദീപിപ്പിക്കുന്നതിനു ഈ ചെറു പുസ്തകം പൎയ്യാപ്തമായിരിക്കുമെന്നു വിചാരിക്കുന്നു. ഈ പ്രതീക്ഷയാണ് ഇതു നമ്മുടെ മാതൃഭാഷയിൽ പ്രസിദ്ധീകരിക്കുന്നതിനു എന്നെ പ്രേരിപ്പിച്ചിട്ടുള്ളതു്. ഇതിൻെറ വിവൎത്തനത്തിൽ എന്നെ അത്യധികം സഹായിച്ചിട്ടുള്ള നസ്രാണിദീപിക ആപ്പീസിലെ പാട്ടശ്ശേരി തോമ്മസ് അവൎകളോടു ഞാൻ പ്രത്യേകവിധം കടപ്പെട്ടിരിക്കുന്നു. എനിക്കു പല സഹായോപകാരങ്ങൾ ചെയ്തിട്ടുള്ള വി. അന്നാ അമ്മ ഈ ചെറുപുസ്തകം വായിക്കുന്ന സകലരെയും ഇതു പ്രസിദ്ധീകരിക്കുന്നതിനു എന്നെ സഹായിച്ചിട്ടുള്ളവരെയും ധാരാളമായി സഹായിക്കുമാറാകട്ടെ.

കൂനമ്മാവ്,<br>21– 11– '37.

Fr. Gregory, C. D.

14205

# വി. അന്നാ അമ്മ

## 1. വിശുദ്ധിയും സ്ഥാനൌന്നത്യവും.

അമലോത്ഭവം അഥവാ ജന്മപാപലേശം കൂടാതെ
യുള്ള ഉത്ഭവം എന്നതു ഒരു പരമരഹസ്യം തന്നെയാണ്.
അനന്യസാധാരണവും എക്കാലത്തും അത്ഭുതപൂർവ്വവും ആയ
അമലോത്ഭവം എന്ന മഹാത്ഭുതം ഏതു സ്ത്രീയുടെ ഉദര
ത്തിൽ സംഭവിക്കുവാനിരുന്നുവോ ആ സ്ത്രീയുടെ വിശുദ്ധി
എത്ര അത്ഭുതപൂർവ്വമായിരുന്നിരിക്കണം! നന്മയിൽ പൂർണ്ണ
യായവളെ ഗർഭം ധരിക്കുവാനിരുന്ന ആ ഉദരം, നന്മനി
റഞ്ഞവൾ ശിശുസ്വരൂപമെടുത്ത ആ ഗർഭപാത്രം, എത്ര
പാവനമായിരുന്നിരിക്കണം! തന്റെ ഉദരത്തിൽവെ
ച്ചുതന്നെ സ്വപുത്രന്റെ വിശുദ്ധീകരണം സാധിക്കുന്ന
തിനുള്ള മഹാ ഭാഗധേയം സിദ്ധിച്ച വി. യോഹന്നാൻ
മാംദാനയുടെ മാതാവായ ഏലീശ്വാമ്മയുടെ സ്ഥാനം സ
മുന്നതമായ ഒന്നെങ്കിൽ ദൈവത്തിന്റെ പ്രത്യേക വ
ത്താൽ ജന്മപാപലേശമില്ലാതെ ഉത്ഭവത്തിൽ തന്നെ
കന്മഷഹീനയായിരുന്ന ആ ശിശുവിനെ ഉദരത്തിൽ ഗ
ർഭംധരിച്ച ആ മാതാവിന്റെ, അതേ, വി. അന്നാ അമ്മ
യുടെ, വിശുദ്ധി എത്രകണ്ട് ഉന്നതമായ ഒന്നായിരുന്നി
രിക്കണം. പരമപാവനമായ ആ ഫലത്തെ, മിശിഹാ
യെ, സംവഹിച്ചിരുന്ന ആ വൃക്ഷത്തിന്റെ മൂലം സ
ക്ഷാൽ പരിശുദ്ധമായതുതന്നെ ആയിരുന്നു. അത്ഭുതക
മായ ഈ ഗർഭധാരണം വഴിയായി അതേ, ദൈവജ

നീയെ തന്റെ ഉദരത്തിൽ വഹിച്ചതുമൂലം, വി. അന്നാ അമ്മയുടെ വിശുദ്ധി പൂർവ്വവൽ പ്രോജ്ജ്വലമായി എന്നതും പ്രസ്താവ്യമാണ്.

യഥാർത്ഥം ഇതായിരിക്കെ, വി. ഈറാനീമോസ് വി. അന്നാ അമ്മയെ അതീവം പുകഴ്ത്തിയിരിക്കുന്നതിൽ അത്ഭുതത്തിനു വകയില്ല. വിശുദ്ധൻ പറയുന്നു: "ദൈവികപ്രേരണയാൽ ആവിർഭവിച്ച ശാഖയെ പുറപ്പെടുവിച്ച മഹത്വപ്പെട്ട വൃക്ഷമാണ് അന്നാ; അവൾ ഉന്നത സ്വർഗ്ഗമാകുന്നു. ആ ഉന്നതങ്ങളിൽനിന്നാകുന്ന കടലിലെ നക്ഷത്രം അതിന്റെ ഉദയസ്ഥാനത്തെ സമീപിച്ചത്; അവളാകുന്നു വാഴ്ത്തപ്പെട്ട സ്ത്രീരത്നം, മാതാക്കളിൽ ഭാഗ്യവതി. അവളുടെ പരിശുദ്ധമായ ഉദരത്തിൽനിന്നു ദൈവത്തിന്റെ പ്രകാശമാനമായ ആലയം, പരിശുദ്ധാരൂപിയുടെ ആസ്ഥാനം, ദൈവത്തിന്റെ ജനനി, ഭൂജാതയായി."

സർവ്വനന്മകളുടെയും ഭണ്ഡാഗാരത്തിന്റെ മാതാവായി ദൈവം വി. അന്നാ അമ്മയെ തെരഞ്ഞെടുത്തു. ഈ തെരഞ്ഞെടുപ്പുമൂലം അവൾക്ക് കൈവന്ന സ്ഥാനം എത്ര മഹത്തരം! അധികാരം എത്ര ഔന്നത്യമേറിയതു!! സന്താനലാഭം ഉണ്ടാകുന്നില്ലായെന്ന് ഏവരും സകാരണം വിശ്വസിച്ചിരുന്ന ഒരു ഘട്ടത്തിൽ അത്ഭുതകരമായി തന്നിൽ ഒരു ശിശു ഉൽഭൂതമായപ്പോൾ വി. അന്നാ അമ്മക്കുണ്ടായ ആനന്ദം എത്ര അതിരറ്റതായിരുന്നുവെന്നു ഏറക്കുറെ നമുക്കു ഊഹിക്കാവുന്നതാണ്. ഇനി, ഈ ശിശുവാണെങ്കിൽ ഏതു തരത്തിലുള്ളതാണെന്ന് ചിന്തിച്ചാലും! ആ ശിശു—മറിയം—നന്മനിറഞ്ഞവളായിരുന്നു. അവളെപ്പോലെ രൂപവതിയും, ലാവണ്യവതിയുമായ ഒരു ശിശുവിനെ അതഃപരം ഇസ്രായേൽ ദർശിച്ചിട്ടില്ലായിരുന്നു. വി. അന്നാ അമ്മയുടെ ഉദരത്തിൽ ജന്മപാപംപോലുമില്ലാതെ ഉത്ഭവിച്ച ആ ശിശുവിനെപ്പോലെ ഒന്ന് അന്നുവരെ ലോകത്തിൽ

ജനിച്ചിട്ടുമില്ലായിരുന്നു. അനുഗ്രഹസമ്പത്തിൽ വി. അന്നാ അമ്മയുടേതിനു് തുല്യമായ ഒരു മാതൃത്വം ലോകത്തിൽ അക്കാലപൎയ്യന്തം ഉണ്ടായിട്ടുമില്ലായിരുന്നു. അവൾ പ്രസവിച്ച ആ ശിശു, 'ദൈവത്തിന്റെ ജനനി' എന്ന മഹോന്നതനാമത്താൽ സംബോധന ചെയ്യപ്പെടുവാൻ സംഗതിയായി. ഹാ! എന്തൊരുഭാഗ്യം!!

തിരുസ്സഭയുടെ വലിയൊരു വേദപാരംഗതനായ വി. യോഹന്നാൻ ദമശേൻ പറയുന്നതായതു:- ജീവിതത്തിന്റെ കുസുമമാകുന്ന മിശിഹായെ പുറപ്പെടുവിച്ച ആ ശിശുവിനെ ദൈവത്തിൽനിന്നും പ്രാപിച്ചുപ്രസവിച്ച വി. അന്നാഅമ്മേ, നീ അത്യന്തം ധന്യയാകുന്നു! അല്ലയോ, അമ്മേ, മറിയത്തിന്റെ മാതാവാകുവാൻ സാധിച്ചതിൽ നിന്നെ ഞങ്ങൾ വാഴ്ത്തുന്നു. എന്തുകൊണ്ടെന്നാൽ നീ ഞങ്ങൾക്കു് ആശാസാഫല്യം നല്കി, വാഗ്ദാനത്തിന്റെ ബീജത്തെ പുറപ്പെടുവിച്ചു! സകല ഭക്താത്മാക്കളുടെയും അധരങ്ങൾ നിന്റെ പുത്രിയിൽ നിന്നെ വാഴ്ത്തുന്നു, സകല ഭാഷകളിലും നിന്റെ പുത്രി പുകഴ്ത്തപ്പെടുന്നു! നീ എല്ലാ പുകഴ്ച്ചയ്ക്കും അതീതയാകുന്നു, രക്ഷിക്കപ്പെട്ടവരുടെ എല്ലാ പുകഴ്ച്ചയ്ക്കും നീ അർഹയാകുന്നു. എന്തുകൊണ്ടെന്നാൽ ഞങ്ങളുടെ രക്ഷകനായ മിശിഹായെ നിന്റെ പുത്രി പ്രസവിച്ചു.

'ഹന്നാ' (അനുഗ്രഹം) എന്നുള്ള അവളുടെ പേർ തന്നെ കാരുണ്യത്തെയും, സ്നേഹത്തെയുമാണു് ദ്യോതിപ്പിക്കുന്നതു്. ഇതു് അവളുടെ പ്രാഗത്ഭ്യസ്ഥാനത്തിന്റെ ഔന്നത്യത്തെ സൂചിപ്പിക്കുന്നു. അവളും അനാദി മുതൽ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവളായിരുന്നുവെന്നും, ഏതന്മൂലം "തന്റെ പാതകളുടെ ആരംഭത്തിൽ കർത്താവു എന്നെ പ്രാപിച്ചിരുന്നു...... ഞാൻ അനാദിമുതൽ സ്ഥാപിക്കപ്പെട്ടിരുന്നു" എന്നുള്ള (സുഭാഷിതം VIII-22-23) വേദവാക്യം മറിയത്തിനെന്നോണം അവൾക്കും പറ്റിയതാകുന്നുവെന്നും പറയാം.

ദൈവം വി. അന്നാമ്മയെ മഹനീയമായ ദാനങ്ങളാലും അനുഗ്രഹങ്ങളാലും അലങ്കരിച്ചു. "അനുഗ്രഹത്തിൻെറ രാജ്യത്തിലെ സാർവ്വത്രികമായ ഒരു പ്രമാണം ഇതാണ്. അവിടെ ദൈവം ആരെങ്കിലും ഒരു പ്രത്യേകാധികാരത്തിനും ഒരു ഉന്നതസ്ഥാനത്തേക്കും തെരഞ്ഞെടുക്കുന്നെങ്കിൽ താൻ ആ ആളിൽ അയാളുടെ സ്ഥാനത്തിനും ഔന്നത്യത്തിനും ആവശ്യവും, അനുയോജ്യവുമായ സകല ദാനങ്ങളും നിക്ഷേപിക്കുന്നതാണ്" എന്ന് സിയന്നായിലെ വി. ബെർണർദിൻ വി. യൗസേപ്പുപിതാവിനെപ്പററി എഴുതിട്ടുണ്ട്. ഇതുതന്നെ വി. അന്നാ അമ്മയെപ്പററിയും സാർത്ഥകമായും പറയാം.

"കന്യകകളിൽവച്ച് ഏററം പരിശുദ്ധയായിരുന്ന വി. അന്നാ. ശൈശവംമുതല്ക്കു അവൾ സകല പുണ്യങ്ങളുടെയും പൂർണ്ണത പ്രാപിച്ചിരുന്നു. ആത്മീയമായി അനുസ്യൂതം അവൾ പ്രകാശിപ്പിക്കപ്പെട്ടിരുന്നു; അടുക്കലടുക്കൽ ഏകാഗ്രമായ ധ്യാനനിഷ്ഠയിൽ വ്യാപൃതയായും ഇരുന്നിരുന്നു. രക്ഷകൻ വേഗത്തിൽ ആഗതനാകണമേ എന്നു മാത്രമായിരുന്നു അവളുടെ നിരന്തരമായ പ്രാർത്ഥന" എന്ന് അഗ്രേദായിലെ മറിയം 'ദൈവനഗരം' എന്ന കൃതിയിൽ രേഖപ്പെടുത്തിട്ടുണ്ട്. വി. അന്നാഅമ്മ മാലാകാമാക്കനുയോജ്യമായ പരിശുദ്ധതയാൽ അലംകൃതയല്ലായിരുന്നു എങ്കിൽ കന്യകകളിൽ കന്യകയായവളുടെ മാതാവാകുവാൻ അവൾക്ക് കഴിയുമായിരുന്നില്ല. പരിശുദ്ധതയുടെ അഭാവത്തിൽ, മറിയത്തിൻെറ അമലോത്ഭവം എന്ന മഹാരഹസ്യം അവളുടെ ഉദരത്തിൽ സംഭവിക്കയുമില്ലായിരുന്നു. മറിയത്തിൻെറ അമലോത്ഭവത്തിൽ വീ. അന്നാ അമ്മ സ്വർഗ്ഗീയപ്രകാശധോരണിയിൽ മുഴുകി ഒരു സംഘം വാനവദൂതന്മാരുടെ അകമ്പടിയോടുകൂടി, നില്ക്കുന്നതായി പുണ്യപ്പെട്ടവളായ എമരീച്ച അന്നകത്രീനാ ഒരു ദർശനത്തിൽ കണ്ടിട്ടുണ്ട്. സ്വർഗ്ഗം തുറക്കപ്പെടുന്നതും മാലാകാമാരും പരിശുദ്ധ പരമ ത്രിത്വ

വും ആനന്ദഭരിതരാകുന്നതും അവൾ ദർശിച്ചിട്ടുണ്ട്. പരിശുദ്ധ കന്യകയുടെ ജനനവേളയിലും ഇതേ ജയഘോഷങ്ങൾതന്നെ ഉണ്ടായതായി പറയപ്പെടുന്നു. വി. അന്നാ അമ്മയുടെ സ്ഥാനൗന്നത്യം, മഹത്വം, വിശുദ്ധി എന്നിവയെ സ്പഷ്ടീകരിക്കുന്നതിന് ചില ലക്ഷ്യങ്ങൾമാത്രമാണിവ. ഇത്ര വലിയ മഹത്വങ്ങൾ ഈ വിശുദ്ധയ്ക്കു ദൈവം സദയം സംഭാനംചെയ്യുതിൽ ദൈവത്തെ നാം വാഴ്ത്തിപ്പുകഴ്ത്തേണ്ടതത്രേ.

## 3. വി. അന്നാ അമ്മയുടെ നേർക്കുള്ള പൊതുവായ വണക്കം.

വി. അന്നാ അമ്മയെ കത്തോലിക്കർ വണങ്ങുവാൻ തുടങ്ങിട്ടു എത്ര നാൾ ആയി എന്നുള്ള പ്രശ്നം സംബന്ധിച്ച് പ്രസിദ്ധ എഴുത്തുകാരനായ ബറോണിയസ് എന്നമേറം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. "വിശുദ്ധ അന്നാ അമ്മയുടെനേരെയുള്ള വണക്കത്തിന് കത്തോലിക്കാസഭയോളംതന്നെ പഴക്കവും, പുരാതനത്വവും ഉണ്ട്. കിഴക്കും, പടിഞ്ഞാറും ആദിമകാലം മുതലേ ഈ വിശുദ്ധ, വിശ്വാസികളുടെ വണക്കത്തിനു പാത്രീഭവിച്ചിരിക്കുന്നു." ഓർശ്ലേമ്മിലുണ്ടായിരുന്ന വിശുദ്ധയുടെ വാസസ്ഥാനം ശ്ലീഹന്മാർതന്നെ ഒരു ദേവാലയമാക്കി എന്നാണ് പറയപ്പെടുന്നത്. തിരുസഭയിലെ വിശുദ്ധന്മാരുടെ ഗണത്തിൽ വി. അന്നാ അമ്മയ്ക്ക് ഇത്ര പ്രാമാണ്യം സിദ്ധിക്കുവാനുള്ള ഹേതു എന്താകുന്നു? അവളുടെ സീമയററ സുകൃതങ്ങളും സ്ഥാനൗന്നത്യവും മിശിഹായോടും മറിയത്തോടുമുള്ള അവളുടെ അടുത്ത ബന്ധവും അല്ലാതെ മറെറാന്നുമല്ല ഈ പ്രാമാണ്യത്തിനു നിദാനം.

വി. യൗസേപ്പുകഴിഞ്ഞാൽ സാർവ്വത്രിക വണക്കത്തിന് ഈ വിശുദ്ധയെപ്പോലെ പാത്രീഭവിച്ചിട്ടുള്ളവരായി

വിശുദ്ധരുടെ ഗണത്തിൽ വേറെ ആരുംതന്നെയില്ല. ലോകംമുഴുവനിലും ഈ വിശുദ്ധ ഭക്ത്യാദരപൂർവ്വം വണങ്ങപ്പെടുന്നു. അവളുടെ നാമധേയത്തോടുകൂടിയവരായി നിരവധിയാളുകളെ കാണ്മാൻ കഴിയും. അതേ, ലോകത്തിലുള്ള സ്ത്രീകളിൽ മറിയം എന്നുള്ള നാമധാരിണികൾ കഴിഞ്ഞാൽ, അന്ന എന്നുള്ള നാമധാരിണികളായിരിക്കും ഏറ്റവും കൂടുതൽ. വിശുദ്ധയ്ക്കു പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള ദേവാലയങ്ങൾക്കും കപ്പേളകൾക്കും കണക്കില്ല. തീർത്ഥസ്ഥലങ്ങളും സംഖ്യാതീതമാണ്. ഈ തീർത്ഥസ്ഥലങ്ങളിൽവച്ചു വിശുദ്ധയുടെ പേരിലും, മദ്ധ്യസ്ഥതയിലും നടന്നിട്ടുള്ള അത്ഭുതങ്ങളും ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങളും അസംഖ്യമെന്നേ പറയേണ്ടു. വിശുദ്ധയ്ക്കു പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള അൾത്താരകളോടും അവളുടെ സ്വരൂപങ്ങളോടുംകൂടി ദേവാലയങ്ങളുടെ സംഖ്യ അനുദിനം വർദ്ധിച്ചുകൊണ്ടു തന്നെ ഇരിക്കുന്നു.

## 3. വി, അന്നാഅമ്മയുടെ തിരുശ്ശേഷിപ്പുകൾ അത്ഭുതകരമായി കണ്ടുകിട്ടിയതു്.

ലാസറിനെയും അദ്ദേഹത്തിൻെറ സഹോദരികളായ മർത്തായെയും, മറിയത്തെയും ഗോൾ (ഫ്റാൻസ്) രാജ്യത്തേക്ക് വഹിച്ചുകൊണ്ടുപോയ ആ കപ്പലിൽ വി. അന്നാഅമ്മയുടെ ശരീരംകൂടെയും കൊണ്ടുപോകപ്പെട്ടു എന്നാണ് ഐതിഹ്യം. ഈ പാരമ്പര്യവിശ്വാസത്തെ ആരും ഒരിക്കലും നിരാകരിക്കയോ നിഷേധിക്കയോ ഉണ്ടായിട്ടില്ല. മിശിഹായുടെ ഈ മിത്രങ്ങൾ ഒന്നാം നൂററാണ്ടിൽ അവരുടെ വിശ്വാസത്തെപ്രതി പലസ്റ്റീനായിൽ നിന്നും പാമരവും ചുക്കാനുമില്ലാത്ത ഒരു കപ്പലിൽ ബഹിഷ്കരിക്കപ്പെടുകയാണുണ്ടായതു്. ക്രൂരവും കർക്കശവുമായ മതപീഡനം നാടൊട്ടുക്കു നടമാടിയിരുന്ന ഒരു കാല

ഷ്ടമായിരുന്നതിനാൽ അന്നു വിശുദ്ധരുടെയും മററും തിരുശേഷിപ്പുകൾ വിശ്വാസികൾ പ്രത്യേകം സൂക്ഷിക്കേണ്ടിയിരുന്നു. അതനുസരിച്ചു വി. അന്നാഅമ്മയുടെ തിരുശേഷിപ്പുകൾ അപ്പോഴത്തെ ഒരു സുരക്ഷിതസ്ഥാനമായിരുന്ന ആപ്‌ററാ (ജൂലിയാ) എന്ന പട്ടണത്തിലേക്കു കൊണ്ടുപോയി. അവിടെ ഒരു അന്തർഭൗമിക ഗുഹയിലോ, ദേവാലയത്തിലോ ഈ പൂജ്യവസ്തു സൂക്ഷിക്കയും ചെയ്തു. ഇതിനെ ഉദാഹരിക്കുന്ന ലക്ഷ്യങ്ങളും ഇല്ലാതില്ല. ഇന്ന് അറിയപ്പെടുന്നവയിൽ പുരാതനത്വംകൊണ്ടു പ്രഥമസ്ഥാനം അർഹിക്കുന്ന ആപ്‌ററായിലെ വേദസാക്ഷിചരിത്രത്തിൽ ഈ വസ്തുത രേഖപ്പെടുത്തികാണുന്നുണ്ട്.

മതമർദ്ദനവും പീഡനങ്ങളും രാക്ഷസീയമായ രൂക്ഷതയോടെ പിന്നെയും നടമാടിത്തുടങ്ങി. തന്റെ സംരക്ഷണയിൽ ഇരുന്നിരുന്ന പൂജ്യവസ്തു മതവിരോധികളുടെ കയ്യിൽ അകപ്പെടാതിരിക്കുവാൻ ആപ്‌ററായിലെ പ്രഥമമെത്രാനായിരുന്ന (ക്രിസ്ത്വബ്ദം 118-ാം കാലത്തോടെ നിര്യാതനായ) വി. ഔസ്‌വീസ്യൂസ് ജാഗരൂകനായിരുന്നു. തിരുശേഷിപ്പ് ഭൂമിക്കടിയിൽ സജ്ജമാക്കിയിരുന്ന ഒരു കപ്പേളയിലാണ് നിക്ഷേപിക്കപ്പെട്ടിരുന്നതെങ്കിലും അത് സുരക്ഷിതമായിരിക്കുന്നതിനായി അത് ആ കപ്പേളയിൽ കുഴിച്ചിടപ്പെട്ടു. മതപീഡനം ശാന്തമായി അന്തരീക്ഷം തെളിയുന്നതുവരെ അങ്ങോട്ടുള്ള പ്രവേശനമാർഗ്ഗവും സന്നിക്ഷേപം ബന്ധിക്കപ്പെട്ടിരുന്നു. പിന്നീടു കുറെ ശതാബ്ദകാലത്തേക്കുതന്നെ തത്തൽപ്രദേശങ്ങൾ മ്ലേച്ഛന്മാരുടെയും, പുറജാതിക്കാരുടെയും വിഹാരരംഗമായി കിടന്നുപോയി. പ്രക്ഷുബ്ധമായ ഈ കാലത്തിനിടയിൽ പണ്ടേതന്നെ അപൂർവ്വം ചിലക്ക് മാത്രം സുജ്ഞാതമായിരുന്ന വിശുദ്ധയുടെ തിരുശേഷിപ്പുകളുടെ നിക്ഷേപസ്ഥാനത്തെപ്പററി ആർക്കും ഒരു ലക്കമില്ലെന്ന് വന്നുപോയതിൽ വിസ്മയിപ്പാനൊന്നുമില്ലല്ലൊ.

എട്ടാംനൂററാണ്ടിന്റെ അന്തിമഘട്ടത്തിൽ ജഗൽപ്രസിദ്ധനായ കാറൽമാൻ ചക്രവത്തി സാരസൻജനതയെ നിശ്ശേഷം കീഴടക്കി വിജയശ്രീലാളിതനായതോടുകൂടി ഗോൾ രാജ്യാന്തരീക്ഷത്തിലെ കാർമേഘപടലങ്ങൾ നീങ്ങി. രാജ്യത്തു സമാധാനവും സംതൃപ്തിയും കളിയാടി. ഇങ്ങനെ നാട്ടിൽ സ്വൈരമുണ്ടായിത്തുടങ്ങിയപ്പോൾ ജനങ്ങൾ അക്രമികളുടെ അക്രമണത്തിന് വിധേയമായി നിലംപരിശാക്കപ്പെട്ട വിശുദ്ധസ്ഥലങ്ങൾ പുനരുദ്ധരിക്കുന്ന വിഷയത്തിൽ ശ്രദ്ധപതിച്ചു. വിശുദ്ധയുടെ തിരുശേഷിപ്പുകളെപ്പററിയും ജനങ്ങൾ ആരാഞ്ഞുതുടങ്ങി. വൈദികഗണം അപ്ററാ (ജൂലിയാ)യിലെ മെത്രാന്മാരും അതു കണ്ടുപിടിക്കുന്നതിൽ ബദ്ധശ്രദ്ധരായി. ഏതോ അന്തർഭൗമിക സങ്കേതത്തിലാണ് അതിന്റെ ആസ്ഥാനമെന്ന് അവരും കേട്ടിരുന്നു. അതിനാൽ ആ സ്ഥലം കണ്ടുപിടിക്കുവാൻ അവർ അക്ഷീണയത്നം തന്നെ ആരംഭിച്ചു.

അപ്ററാപട്ടണത്തിൽ പ്രവേശിച്ച ഉടനെ കാറൽമാൻ ചക്രവത്തിയുടെ ശ്രദ്ധ പതിഞ്ഞതു് താറുമാറായി കിടന്ന അവിടത്തെ ഭദ്രാസനദേവാലയം പുനരുദ്ധരിക്കുന്ന വിഷയത്തിലായിരുന്നു എന്നു പ്രസിദ്ധ ചരിത്രകാരന്മാരായ ബൊളണ്ടിസ്ററുകാർ പ്രസ്താവിക്കുന്നു. ഒരു പെസഹാക്കാലത്തു ദേവാലയത്തിന്റെ ഉദ്ധാരണം പൂത്തിയായി. അക്കൊല്ലം വൈദികരും ജനങ്ങളും മററുമായി അഭൂതപൂർവ്വമായ ഒരു ജനസഞ്ചയം ആ ദേവാലയത്തിൽ പെസഹാതിരുനാളിനായി സമ്മേളിച്ചു. ദേവാലയം പൂർവ്വസ്ഥിതിയിൽ ആക്കപ്പെട്ടു എങ്കിലും അവിടെ കൂടിയിരുന്ന ജനങ്ങൾക്കു ഒരു ഇച്ഛാഭംഗം മാത്രമുണ്ടായിരുന്നു. വി. അന്നാഅമ്മയുടെ തിരുശേഷിപ്പുകൾ കണ്ടുകിട്ടിയില്ലല്ലൊ എന്നുള്ളതായിരുന്നു അതു്. അതിനാൽ അവയ്ക്കായി അവരെല്ലാം അത്യാശയോടെ പാത്തിരുന്നു. അത്ഭുതമേ! അവരുടെ കണ്ഠിതമെല്ലാം ക്ഷണേന നീങ്ങി.

ആ ദേവാലയത്തിൽതന്നെ ഒരു വിസ്മയസംഭവം നടന്നു. ആ അത്ഭുതദ്വാരാ അനേകകൊല്ലങ്ങളായി കാണാതെ കിടന്നിരുന്ന ആ തിരുശേഷിപ്പുകൾ കണ്ടുകിട്ടുകയും ചെയ്തു. അന്നുവാണിരുന്ന ഒന്നാമത്തെ അഡ്റിയാൻ മാർപ്പാപ്പാസ്ക്ക് കാറൽമാൻ ചക്രവൎത്തി അയച്ച ഒരു എഴുത്തിൽ ഈ അത്ഭുതസംഭവത്തെപ്പററി വിവരിച്ചിട്ടുമുണ്ട്.

ദേവാലയത്തിൽ പ്രഭുകുടുംബക്കാരും സാധാരണന്മാരും മററുമായി ഒട്ടേറെ ജനങ്ങളുണ്ടായിരുന്നു. ഇക്കൂട്ടത്തിൽ ജനനാൽതന്നെ അന്ധനും ചെകിടനും ഊമയുമായിരുന്ന കസനോവാപ്രഭുവിന്റെ ഒരു പുത്രനുമുണ്ടായിരുന്നു. ഈ പ്രഭുകുമാരനു അന്നു കഷ്ടിച്ച പതിനാല്വ വയസ്സേ പ്രയാമുണ്ടായിരുന്നുള്ളു. ദേവാലയത്തിൽ തിരുക്കൎമ്മങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ ഈ ബാലനിൽ ചില ഭാവഭേദങ്ങളെല്ലാം പ്രത്യക്ഷപ്പെട്ടതുപോലെ കാണികൾക്കു തോന്നി. പ്രജ്ഞ നശിച്ച ഒരുവനെപ്പോലെ പ്രഭുകുമാരൻ മുകളിലേക്ക് നോക്കിക്കൊണ്ട് എന്തോ ശ്രദ്ധിക്കുന്നതുപോലെ കാണപ്പെട്ടു. കുമാരൻ പെട്ടെന്ന് അവന്റെ വടികൊണ്ട് തപ്പിത്തടവി പ്രധാന പീഠത്തെ സമീപിച്ചു. ആ ബലിപീഠത്തിന് മുൻവശത്തായി ഉണ്ടായിരുന്ന കല്പടികളിൽവടികൊണ്ടു അവൻ അടിച്ചശേഷം അവിടെ കുഴിച്ചുനോക്കണമെന്ന് ആംഗ്യംമൂലം ആവശ്യപ്പെട്ടു. മാറാതെ അവിടെതന്നെ നിന്നു വീണ്ടും വീണ്ടും ഇതുതന്നെ ആവശ്യപ്പെട്ടുകൊണ്ട് തിരുക്കൎമ്മങ്ങൾക്കിടയിൽ ആ ബാലൻ കാട്ടിക്കൂട്ടിയ കോലാഹലങ്ങൾ ചില അസ്വസ്ഥതസ്സുതന്നെ ഇടയാക്കാതിരുന്നില്ല. അടുത്തുണ്ടായിരുന്നവർ പല വിദ്യകൾ പ്രയോഗിച്ചിട്ടും അവൻ മാറാതെ അവിടെത്തന്നെ നിലകൊണ്ടു. വൈദികരും കാവൽക്കാരായ പടയാളികളും എല്ലാം ശ്രമിച്ചിട്ടും ബാലൻ അവിടെനിന്നും ഒരടിമാറിയില്ല. കാറൽമാൻചക്രവൎത്തിയും ഇതെല്ലാം വീക്ഷിച്ചുകൊണ്ടാ

ണിരുന്നത്. ഈ സംഭവത്തിൽ ഏതോ അസാധാരണത്വം അടങ്ങിട്ടുള്ളതായി അദ്ദേഹത്തിനും തോന്നി. കമ്മങ്ങൾ എല്ലാം കഴിഞ്ഞപ്പോൾ കുട്ടി നിർദ്ദേശിച്ച സ്ഥലം വെട്ടി പൊളിക്കുന്നതിന് അദ്ദേഹം ആജ്ഞ നൽകി. അതനുസരിച്ച ജിജ്ഞാസാഭരിതരായിത്തീന്ന ജനങ്ങളുടെ സാന്നിദ്ധ്യത്തിൽ പീഠത്തിന്റെ സമീപം ഉണ്ടായിരുന്ന കല്ലടികൾ ഇളക്കിമാററി. അഹോ! അവിടെ കണ്ട കാഴ്ച കാണികളെ രോമാഞ്ചകഞ്ചുകരാക്കുകതന്നെചെയ്തു. കല്ലടികൾ മാററി കഴിഞ്ഞപ്പോൾ അവിടെ ഒരു വാതായനം കാണമാറായി. ഭീമാകരമായ കുറെ കല്ലുകൾകൊണ്ടു് അവിടം ബന്ധിക്കപ്പെട്ടിരുന്നു. വി. ഔസ്ഗീസ്യൂസ് മതവിരോധികളെ ഭയന്നു് രഹസ്യമായി ദിവ്യപൂജ അപ്പിച്ചിരുന്ന അന്തർഭൗമികദേവാലയത്തിലേക്കുള്ള പ്രവേശനദ്വാരമായിരുന്നു ഇതു്. ഇവിടെവച്ചാണ് അദ്ദേഹം വിശ്വാസികൾക്കും മററും അക്കാലത്തു് ദിവ്യകാരുണ്യം നൽകിയിരുന്നതു്. ആകൃതിയിലും സജ്ജീകരണങ്ങളിലും ഈ രഹസ്യദേവാലയം റോമ്മിലെ പ്രേതാലയങ്ങളോടു സാമ്യം വഹിച്ചിരുന്നു. ആ വാതായനത്തിങ്കൽ കാണപ്പെട്ട കല്ലുകൾ തൽക്ഷണം മാററപ്പെട്ടു. അപ്പോൾ അകത്തേക്ക് നിർബാധം ഇറങ്ങുന്നതിനു് കുറെ കല്ലടികളും കണ്ടു. കല്ലുകൾ മാററിക്കഴിഞ്ഞ ക്ഷണത്തിൽ ജന്മനാ അന്ധനായിരുന്ന ബാലകുമാരൻ നല്ല കാഴ്ച ഉള്ളവനെപ്പോലെ ഓടി വാതിൽകടന്നു അകത്തേക്കിറങ്ങി. ചക്രവത്തി കുട്ടിയുടെ കൈക്കുപിടിച്ചുനിറുത്തി; പുറകെ തിക്കിക്കൂടിയിരുന്ന ജനസംഖ്യയെത്തെ നിയന്ത്രിച്ചുനിറുത്തുവാൻ അദ്ദേഹം ആജ്ഞയും നൽകി.

ബാലൻ ഇതുകൊണ്ടൊന്നും തൃപ്തനായില്ല. അവരേവരും അത്യാശയോടെ പ്രതീക്ഷിക്കുന്ന പൂജ്യാവശിഷ്ടം അവിടെ ആ ദേവാലയഭിത്തിക്കുള്ളിൽ നിക്ഷേപിച്ചിട്ടുണ്ടെന്നും അവിടെ തിരയണമെന്നും അവരെ മനസ്സിലാക്കുമാറ് അവൻ ആ ഭിത്തിമേൽ വടികൊണ്ടു അടിച്ചുതുടങ്ങി

ങ്ങി. ആ അന്തർഭൗമികദേവാലയത്തിൻെറ ഭിത്തി കുട്ടി നിർദ്ദേശിച്ച സ്ഥാനത്തു കുത്തിപ്പൊളിച്ചപ്പോൾ കുറെ അകലെയായി ഒരു ചെറിയ കപ്പേളയും അങ്ങോട്ടു പോകുന്നതിനു കുറെ കല്പടികളും കാണപ്പെട്ടു. അവിടെ ഒരു ദീപത്തിൻെറ പ്രകാശവും കാണുമാറായി. ഭിത്തിയിൽ സജ്ജമാക്കിയിരുന്ന ഒരു രൂപക്കൂടിൻെറ മുൻപിലായി നല്ല പ്രകാശമുള്ള ഒരു ദീപം കത്തിക്കൊണ്ടിരിക്കുന്നതായി അവർ കണ്ടു. അതിൻെറ പ്രകാശംകൊണ്ട് സ്വർഗ്ഗീയമായ ഒരു പ്രഭാപൂരത്താൽ ആ സ്ഥലമെല്ലാം പ്രകാശമാനമാക്കപ്പെട്ടിരുന്നു. രാജാവും അനുഗാമികളും അവിടെ പ്രവേശിച്ച ക്ഷണത്തിൽ ആ ദീപം അണഞ്ഞുപോയി. പക്ഷെ അത്ഭുതമേ, ആ ക്ഷണത്തിൽ അന്ധനും മൂകനും ചെകിടനുമായിരുന്ന ഉ ഭൂകുമാരനു കാഴ്ചയും കേൾവിയും സംസാരശക്തിയും ഉണ്ടായിക്കഴിഞ്ഞു. "ദൈവത്തിൻെറ അമ്മയായ കന്യകമറിയത്തിൻെറ മാതാവായ വി. അന്നാഅമ്മയുടെ ശരീരം അതാ അവിടെ അടയ്ക്കപ്പെട്ടിരിക്കുന്ന ആ രൂപക്കൂട്ടിൽ ഇരിക്കുന്നു" ഇതായിരുന്നു ഇദംപ്രഥമമായി ആ ബാലൻെറ അധരങ്ങളിൽനിന്നും പുറപ്പെട്ട വാക്കുകൾ!

ഈ മഹാ അത്ഭുതങ്ങളെല്ലാം കണ്ടും കേട്ടും രാജാവും ജനങ്ങളും ആശ്ചര്യഭരിതരായി ഇതികർത്തവ്യതാമൂഢരായി സ്തംഭിച്ചുനിന്നുപോയി. ഒടുവിൽ അവർ എവരും കൂടി സർവ്വശക്തനായ ദൈവത്തിനു കൃതജ്ഞത പ്രകടിപ്പിച്ചു. അനുക്ഷണത്തിൽ ഭിത്തിയിലെ ദ്വാരം അവർ തുറന്നു. ഒരു നല്ല സുഗന്ധം അവർ ഘ്രാണിച്ചു. ഭിത്തിയിലെ രൂപക്കൂട്ടിൽ കാണപ്പെട്ട ഒരു പേടകത്തിൽ വിലയേറിയ ശീലകളിൽ ഭദ്രമായി പൊതിഞ്ഞു വിശുദ്ധമൃതശരീരം സൂക്ഷിക്കപ്പെട്ടിരുന്നു. "കന്യകമറിയത്തിൻെറ മാതാവിൻെറ ശരീരം ഇവിടെ സ്ഥിതിചെയ്യുന്നു" എന്നാണ് സൈപ്രസ്മരംകൊണ്ടു നിർമ്മിക്കപ്പെട്ടിരുന്ന

ആ പെട്ടകത്തിൻെറ പുറത്തു ഉല്ലേഖനം ചെയ്യപ്പെട്ടിരുന്നതു്.

അത്ഭുതകരമായ വിധത്തിൽ കണ്ടുകിട്ടിയ ഈ തിരുശേഷിപ്പിനെ രാജാവും അവിടെ കൂടിയിരുന്ന ജനങ്ങളും ഭയഭക്ത്യാദരപൂർവ്വം വണങ്ങി കൃതാർത്ഥരായി. അനന്തരം അവിടെ നടന്ന സംഭവങ്ങളുടെ ഒരു പൂർണ്ണമായ വിവരണം രാജാവുതന്നെ എഴുതിച്ചു. അതിൻെറ ഒരു പ്രതി ഒരു എഴുത്തോടുകൂടി അന്നു തിരുസ്സഭയെ ഭരിച്ചിരുന്ന ഒന്നാമത്തെ അഡ്റിയാൻ മാർപ്പാപ്പാക്കു് അപ്പോൾതന്നെ അയച്ചുകൊടുത്തു. ഈ രാജകീയ എഴുത്തും മാർപ്പാപ്പാ അതിനു നൽകിയ മറുപടിയും ഇപ്പോഴും അഭംഗമായി സൂക്ഷിക്കപ്പെട്ടുന്നുണ്ടു്.

ഈ അത്ഭുതസംഭവം കണ്ണാകണ്ണികയാ നാടെങ്ങും പരന്നു. വിശ്വാസികൾ കൂട്ടമായി അത്ഭുതരംഗമായ അപ്റായിലെ ഭദ്രാസനദേവാലയത്തിൽ തിക്കിക്കൂട്ടുവാൻ തുടങ്ങി. അപ്റാ അന്നുമുതൽ ഒരു തീർത്ഥാടനകേന്ദ്രമായി രൂപാന്തരപ്പെട്ടു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. അന്നുമുതൽ ഇന്നുവരെ അപ്റാപട്ടണത്തിൻെറ മഹാനിക്ഷേപമായി ഈ വിശിഷ്ട വസ്തു യഥാവിധി സൂക്ഷിക്കപ്പെട്ടുന്നു. കാറൽമാൻ ചക്രവർത്തിയുടെ കാലംമുതൽ പലേ ഘോരസമരങ്ങൾതന്നെയും ഫ്റാൻസിൽ പലപ്പോഴായി നടന്നിട്ടുണ്ടെങ്കിലും അപ്റായിലെ ഈ അമൂല്യസമ്പത്തു് അന്യാധീനപ്പെട്ടുത്താതെ അവിടത്തെ വൈദികരും ജനങ്ങളുംകൂടി അഭംഗമായി സൂക്ഷിച്ചുവരുന്നു. അപ്റായിലെ ഭദ്രാസനദേവാലയം സന്ദർശിക്കുന്ന അർക്കും കഴിഞ്ഞ പതിനൊന്നു നൂററാണ്ടു കാലത്തിനിടക്കു് ഈ വിശുദ്ധയുടെ മദ്ധ്യസ്ഥം വഴിയായി ദൈവം അവിടെ നടത്തീട്ടുള്ള അത്ഭുതങ്ങൾക്കു് സാക്ഷ്യം വഹിക്കുന്ന അനിഷേധ്യങ്ങളായ രേഖകൾ ഇന്നും കാണാൻ സാധിക്കുന്നതാണു്.

അപ്റായിലെ ഈ അമൂല്യനിക്ഷേപത്തിൻെറ

ഒരംശം എങ്കിലും ലഭിക്കുന്നതിനു ഫ്റാൻസിലെ പ്രധാന പട്ടണങ്ങൾ അഹമഹമികയാ ശ്രമിച്ചുതുടങ്ങി. നാട്ടുവാഴികൾ, വൈദികാദ്ധ്യക്ഷന്മാർ മുതലായവരുടെ അഭ്യർത്ഥന അനുസരിച്ചു വിശുദ്ധയുടെ തിരുശേഷിപ്പിൻെറ ഓരോ അംശം പല സ്ഥലങ്ങളിലേക്കും അയച്ചുകൊടുത്തിട്ടുണ്ട്. ഫ്റാൻസിലെ മിക്ക പട്ടണങ്ങളിലും ഈ അമൂല്യനിധി സാദരം സൂക്ഷിക്കപ്പെട്ടുപോരുന്നു. എങ്കിലും ആ തിരുശരീരത്തിൻെറ മുഖ്യഭാഗവും ഇപ്പോഴും അതിൻെറ പൂർവ്വ ആസ്ഥാനമായ ആപ്റ്റാനിൽതന്നെയാണ് സൂക്ഷിക്കപ്പെടുന്നതു്. വിയന്നായിൽ വിശുദ്ധയുടെ നാമധേയത്തിൽ ഒരു ദേവാലയമുണ്ടു്. വിശുദ്ധയുടെ വലതുകരം അവിടെയാണു് ഇപ്പോൾ ഇരിക്കുന്നതു്.

റോമ്മിലെ മാർപ്പാപ്പാമാരുടെ അഭിലാഷാനുസരണം വിശുദ്ധയുടെ ഒരു ഭുജം ഇടക്കാലത്തു് ഇംഗ്ലണ്ടിലേക്കു കൊണ്ടുപോകപ്പെട്ടു. അതു് ഇപ്പോൾ ബെനദിക്ടൻ സന്യാസികളുടെ സൂക്ഷത്തിൽ വി. പൗലോസിൻെറ നാമധേയത്തിലുള്ള മനോഹരമായ ആശ്രമദേവാലയത്തിൽ സബഹുമാനം സൂക്ഷിക്കപ്പെടുന്നു. വിശുദ്ധയുടെ ശിരസ്സിൻെറ ഒരു നല്ല ഭാഗം ഇറ്റലിയിൽ ബൊളോഞ്ഞായിലുള്ള ഭദ്രാസനദേവാലയത്തിൽ യഥാവിധി വണങ്ങപ്പെടുന്നു. ഈ തിരുശേഷിപ്പുകൾ വഴിയായി അവിടവിടെ ഇതഃപരം സംഭവിച്ചിട്ടുള്ള അത്ഭുതങ്ങൾ സീമാതീതമാണെന്നു ചുരുക്കിപറയുവാനേ നിവൃത്തിയുള്ളൂ.

## 4. അമേരിക്കയിൽ വി. അന്നാ അമ്മയുടെ നേർക്കുള്ള ഭക്തി.

സ്പെയിൻകാരായ മിഷ്യനറിമാർ വിശിഷ്യ മെക്സിക്കോ, ദക്ഷിണ അമേരിക്കാ തുടങ്ങിയ രാജ്യങ്ങളിൽ മതപ്രചാരണവേലയിൽ ഏർപ്പെട്ടിരുന്നവർ തത്തൽപ്രദേശ

ങ്ങളിൽ വി. അന്നാ അമ്മയുടെ നേരെ ഉള്ള ഭക്തി പ്ര ചരിപ്പിക്കുന്നതിന്ന് ആദിമകാലംമുതലേ തീക്ഷ്ണമായ യത്നങ്ങൾ നടത്തിപ്പോന്നു. സുവിശേഷപ്രസംഗങ്ങളോടൊപ്പം നടത്തിയ അശ്രാന്തപരിശ്രമഫലമായി ആ രാജ്യങ്ങളിൽ പ. കന്യകയോടും തന്റെ ജനനിയായ വി. അന്നാ അമ്മയോടും അചഞ്ചലമായ ഭക്തി ദൃഢമൂലമാകുവാൻ സംഗതിയായി.

പിൽകാലത്തു അമേരിക്ക ഈ ഭക്തിയിൽ അദ്വിതീയമായിത്തീൎന്നു. വി. അന്നാ അമ്മയോടുള്ള പ്രത്യേക ഭക്തിമൂലം വടക്കെ അമേരിക്കയിലെ കാനഡാക്കു 'വി. അന്നായുടെ രാജ്യം' എന്നുള്ള അപരാഭിധാനം പോലും കരഗതമാകാൻ ഇടയായിട്ടുണ്ട്. ഫ്രാൻസിൽനിന്നും ആദ്യകാലങ്ങളിൽ അവിടെ എത്തിയ ഫ്രഞ്ചു മിഷ്യനറിമാർതന്നെയാണ് ഈ ഭക്തിക്ക് അവിടെ അടിസ്ഥാനമിട്ടതും വിശ്വാസികളുടെ ഇടയിൽ അതു പ്രചരിപ്പിച്ചതും. കാനഡായിൽ ബ്യൂപ്പർ എന്ന സ്ഥലം വിശുദ്ധയുടെ പേരിലുള്ള ഒരു തീൎത്ഥാടനകേന്ദ്രമായി ഭവിച്ചു. അവിടുത്തെ പ്രധാന തീൎത്ഥാടനകേന്ദ്രവും ബ്യൂപ്പർതന്നെ. അവിടെ വിശുദ്ധക്കു പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള മനോമോഹനമായ ഒരു ബസിലിക്കായുമുണ്ട്.

ബ്യൂപ്പറിലെ ബസ്സിലിക്കായുടെ ഉത്ഭവത്തിനുള്ള കാരണംതന്നെ ഒരു മഹാ അത്ഭുതസംഭവമാണ്. അവിടെ ഇപ്പോഴും നിരവധി അത്ഭുതങ്ങൾ ഈ വിശുദ്ധയുടെ മാദ്ധ്യസ്ഥഫലമായി സംഭവിക്കുന്നുമുണ്ട്. 1650–ലെ ഒരു നിശാവേളയിൽ ഉണ്ടായ ഉഗ്രമായ കൊടുങ്കാറ്റിൽപെട്ടു ഒരു കപ്പൽ സെൻറ് ലോറൻസ് നദിയിലുള്ള പാറക്കൂട്ടത്തിലടിഞ്ഞു. രക്ഷയ്ക്കൊരു മാൎഗ്ഗവും കാണാതെ യാത്രക്കാർ കുഴങ്ങി. മരണം തന്നെ ഗതിയെന്നു തീർച്ചയാക്കി; എങ്കിലും പ്രാണനിലുള്ള കൊതികൊണ്ടു് അവസാനമായി അവർ വി. അന്നാ അമ്മയെ അഭയംതേടി. ഹൃദയാഗാധത്തിൽനിന്നും അവർ വിശുദ്ധയോ

ടു പ്രാൎത്ഥിച്ചു. രക്ഷപെടുന്നപക്ഷം ഏതു സ്ഥാനത്തു തങ്ങൾ കരക്കിറങ്ങുവാനിടയാകുന്നോ ആ സ്ഥലത്തു് വിശുദ്ധയുടെ നാമത്തിൽ ഒരു കപ്പേള പണിയുന്നതാണെന്നു ഒരു നേൎച്ചയും നേൎന്നു.

അവരുടെ അപേക്ഷ ഉപേക്ഷിക്കപ്പെട്ടില്ല. പിറ്റേദിവസം പ്രഭാതത്തിൽ, അപ്രതീക്ഷിതമായ വിധത്തിൽ ബ്യൂപ്പർ നദീതീരത്തു അവരുടെ കപ്പൽ സുരക്ഷിതമായി കിടക്കുന്നതായിട്ടാണു് അവർ കണ്ടതു്. ഇതെങ്ങനെ എപ്പോൾ സംഭവിച്ചു എന്നതിൽ അവൎക്കു തന്നെ ഒരു പിടിയും കിട്ടിയില്ല. ആപത്തിൽനിന്നും രക്ഷപെട്ടു എങ്കിലും അവരുടെ ഉപകാരിണിയെ മറക്കുകയോ തലേദിവസം അവർ ചെയ്ത പ്രതിജ്ഞ അവരുടെ സ്മൃതിപഥത്തിൽനിന്നും മാഞ്ഞുപോകുകയോ ചെയ്തില്ല. കരക്കിറങ്ങിയശേഷം കഴിവുള്ള വേഗത്തിൽ വിശുദ്ധയുടെ നാമത്തിൽ അവർ ഒരു ചെറുകപ്പേള സ്ഥാപിച്ചു. 1657-ൽ ക്യൂബെക്ക് മെത്രാനായ മൊ:ഡി-ലാവൽ അതു ഒരു ഇടവകയാക്കി രൂപാന്തരപ്പെടുത്തി. പിറ്റേക്കൊല്ലം ബ്യൂപ്പറിൽ വലുതായ ഒരു ഇടവകദേവാലയം തന്നെ പണിയുകയും ചെയ്തു.

ബ്യൂപ്പർദേവാലയത്തിന്റെ ശിലാസ്ഥാപനവേളയിലും ഒരത്ഭുതസംഭവം നടക്കുവാനിടയായി. മഹാരോഗിയായ ലൂയിഗ്വിമോണ്ടു് എന്നൊരാൾ അക്കാലത്തു് അവിടെ ജീവിച്ചിരുന്നു. സുകൃതവാനായിരുന്ന ഈ മനുഷ്യൻ വി. അന്നാ അമ്മയുടെ ഒരു പ്രത്യേക ഭക്തനായിരുന്നു. വിശുദ്ധയുടെ നാമത്തിൽ സ്ഥാപിക്കുന്ന ഒരു ദേവാലയത്തിന്റെ പണിയിൽ ഭാഗഭാഗിത്വം യഥാശക്തി വഹിക്കുന്നതിനു അയാൾ അത്യാശയോടെ പാൎത്തിരിക്കുകയായിരുന്നു. ബ്യൂപ്പർദേവാലയം പണി ആരംഭിച്ചപ്പോൾ തന്റെ അഭിലാഷപൂൎത്തിക്കുള്ള അവസരമിതുതന്നെ എന്നു അയാൾ തീൎച്ചയാക്കി. അതിനാൽ, പുതിയ ദേവാലയത്തിന്റെ അടിസ്ഥാനത്തിനുപയോഗിക്കുന്നതിനു അയാൾ

മൂന്നു കല്ലുകൾ കൊണ്ടുചെന്നു കൊടുത്തു. അഹോ! അത്ഭുതമേ! അയാളുടെ അനുഗ്രഹം നിറവേററിയ ക്ഷണത്തിൽ സർവ്വരോഗങ്ങളും ശാന്തമായി അയാൾ പൂർണ്ണ ആരോഗ്യവാനായിത്തീർന്നു.

അത്ഭുതങ്ങൾ പിന്നെയും അടിക്കടി സംഭവിച്ചുകൊണ്ടിരുന്നു. ക്യൂബക്ക് മെത്രാനായ മൊ: ഡി–ലാവൽ 1662–ൽ ഇതെല്ലാം സാക്ഷിപ്പെടുത്തിയിട്ടുണ്ട്. അക്കാലത്ത് ബ്യൂപ്പ്രറിലെ ഇടവകവൈദികനായിരുന്ന ഫാദർ മോറൊൽ ഇതുസംബന്ധമായി ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. "നിരവധി രോഗശാന്തികളേക്കാൾ പ്രാധാന്യമർഹിക്കുന്നത് വിശുദ്ധയുടെ മാദ്ധ്യസ്ഥംവഴിയായി അനുദിനം പാപികൾക്കു ലഭിക്കുന്ന ആത്മീയാനുഗ്രഹങ്ങളും തദ്വാരാ സംഭവിക്കുന്ന അവരുടെ മാനസാന്തരവുമാണ്. അഞ്ചാറുവർഷത്തെ ഇടവകഭരണത്തിനിടയിൽ ആനന്ദസംദായകമായ ഈ അനുഗ്രഹം പലർക്കു സിദ്ധിച്ചിട്ടുള്ളതായി എനിക്ക് അറിയാനിടയായിട്ടുണ്ട്."

1662–ൽ ഫാദർ മോറൊൽ ബ്യൂപ്പ്രർ വികാരിയായിരിക്കയിൽ ക്യൂബക്കിലെ ഉർസുലയിൻ കന്യകാസമൂഹസ്ഥാപകയായ (മനുഷ്യാവതാരത്തിന്റെ) മറിയം എന്ന കന്യാസ്ത്രീ ബ്യൂപ്പ്രറിൽനിന്നും ഫ്രാൻസിലുള്ള ഒരു ബന്ധുവിനു ഒരു കത്തെഴുതുകയുണ്ടായി. അതിങ്ങനെയാണ്:-

"ഇവിടെ നിന്നും ഒരു 20 മൈലകലെ....വി. അന്നായുടെ നാമധേയത്തിലുള്ള ഒരു ദേവാലയത്തിൽ ന. കർത്താവു് കന്യകമറിയത്തിന്റെ പരിശുദ്ധ ജനനിയുടെ ബഹുമാനാർത്ഥം നിരവധി അത്ഭുതങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ ദേവാലയത്തിൽ തളർവാതക്കാർക്ക് നടക്കുവാനുള്ള ശക്തി ലഭിക്കുന്നു, അന്ധന്മാർക്ക് കാഴ്ച ലഭിക്കുന്നു, രോഗികൾ അവരുടെ രോഗം എന്തുതന്നെ ആയിരുന്നാലും, പൂർണ്ണമായ അരോഗാവസ്ഥയെ പ്രാപിക്കുന്നു."

ഈ രേഖകളും സാക്ഷികളും എല്ലാം ഉണ്ടായിട്ടു ഇപ്പോൾ രണ്ടര നൂററാണ്ടുകൾ തന്നെ കഴിഞ്ഞിട്ടുണ്ടു്. എങ്കിലും വി. അന്നാഅമ്മയുടെ മദ്ധ്യസ്ഥതയിൽ നടക്കുന്ന അത്ഭുതങ്ങൾ ഇന്നും അവിടെ നിലച്ചിട്ടില്ല. അതു് അനാസ്യൂതം തുടൎന്നുകൊണ്ടേ ഇരിക്കുന്നു. കാലാന്തരത്തിൽ ബ്യൂപ്പറിൽ അതിമനോഹരമായ ഒരു ബെസ്സിലിക്കാതന്നെ സംസ്ഥാപിതമായി. പക്ഷേ ഈ ബെസ്സിലിക്കായിൽ അനന്യസാധാരണമായ ഒരു പ്രത്യേകത കാണ്മാനുണ്ടു്. ദേവാലയത്തിൽ പലേടത്തായി പല രോഗികളുടെയും ശയ്യോപകരണങ്ങൾ, വടികൾ, വ്രണങ്ങൾ കെട്ടിയിരുന്ന ശീലകൾ, കണ്ണടകൾ മുതലായവ ധാരാളമായി കാണാം. അവിടെവച്ചു് രോഗശാന്തി ലഭിച്ചിട്ടുള്ള രോഗികൾ അവിടെ നിക്ഷേപിച്ചിട്ടുള്ളതാണു് ഇവയെല്ലാം ബ്യൂപ്പറിലെ നിരവധി അത്ഭുതങ്ങൾക്കും രോഗശാന്തികൾക്കും ഉത്തമസാക്ഷ്യങ്ങളായി, അനിഷേധ്യതെളിവുകളായി, ഇവ അവിടെ സ്ഥിതിചെയ്യുന്നു.

വിശുദ്ധയുടെ നേരെ വിശ്വാസികളുടെ ഭക്തി അടിക്കടി വൎദ്ധമാനമായി വരുകയാണു്. ബ്യൂപ്പറിൽ ഇപ്പോഴും പ്രതിവൎഷം എത്തിക്കൊണ്ടിരിക്കുന്ന നിരവധി തീൎത്ഥകരുടെ സംഖ്യതന്നെ ഇതിനു് ഒരു തെളിവാകുന്നു. ഈ അടുത്തകാലത്തെ ഒരു കണക്കുതന്നെ ഉദാഹരണമായി എടുക്കാം. 1929-ൽ അരുലക്ഷം തീൎത്ഥകർ ബ്യൂപ്പർ സന്ദൎശിച്ചു. പ്രസ്തുതവൎഷം അഗസ്റ്റുമാസത്തിൽതന്നെ ഒരുലക്ഷത്തി എൺപതിനായിരം പേരാണു് വിശുദ്ധയുടെ തിരുശേഷിപ്പുകൾ വണങ്ങി കൃതകൃത്യരാകുവാൻ ബ്യൂപ്പറിൽ ചെന്നിരുന്നതു്. കൂട്ടമായുള്ള തീൎത്ഥാടനങ്ങൾക്കും കുറവൊന്നുമില്ല. 1929-ൽ 167 തീൎത്ഥകസംഘങ്ങൾ ബ്യൂപ്പറിൽ ചെന്നിരുന്നു. തീൎത്ഥകരിൽ ഓരോരുത്തൎക്കും ആത്മീയമായും ലൗകികമായും എത്ര എത്ര നന്മകൾ സിദ്ധിച്ചിട്ടുണ്ടെന്നു ആരറിഞ്ഞു?

## അമൂല്യമായ തിരുശേഷിപ്പുകൾ

ഈ അടുത്ത കാലത്ത് വിശുദ്ധയുടെ തിരുശേഷിപ്പിന്റെ ഒരംശം റോമിൽനിന്നും ബ്യൂപ്പറിൽ ലഭിച്ചിട്ടുണ്ട്. വി. അന്നാ അമ്മയുടെ തള്ളവിരലിന്റെ അടിഭാഗം മുതൽ കീഴോട്ടുള്ള മുഷ്ടിയുടെ ഒരംശമാണ് ഈ തിരുശേഷിപ്പ്. അതിനു ഏറെക്കുറെ മൂന്നിഞ്ചുനീളം വരും. തൊലിയും മാംസവും ഇപ്പോഴും ആ അസ്ഥിമേൽ പറ്റിപ്പിടിച്ചിരിക്കുന്നു എന്നതു പ്രത്യേകം പ്രസ്താവ്യമാണ്. തള്ളവിരലിന്റെ ഉണക്കഭാഗം അതിൽ സ്പഷ്ടമായി കാണാം.

ഈ തിരുശേഷിപ്പു ബ്യൂപ്പറിലേക്കു കൊണ്ടുപോകും മാർഗ്ഗമദ്ധ്യേ കുറേദിവസം ന്യൂയോർക്കിലെ ഒരു പ്രധാന ദേവാലയത്തിൽ സ്ഥാപിക്കയുണ്ടായി. അന്നു അവിടത്തെ ജനങ്ങൾ പ്രദർശിപ്പിച്ച അചഞ്ചലമായ വിശ്വാസപ്രകടനത്തിൽ അത്യന്തം സന്തോഷിച്ച് 13-ാം ലെയോൻ മാർപ്പാപ്പാ വിശുദ്ധയുടെ തിരുശേഷിപ്പിന്റെ ഒരംശം (ഭുജത്തിന്റെ ഒരു ഭാഗം) ആ ദേവാലയത്തിലേക്കു നൽകി. അതു ഇന്നും വി. യോഹന്നാൻ മാംദാനായുടെ നാമത്തിലുള്ള പ്രസ്താവിത ദേവാലയത്തിൽ അത്യന്തഭക്ത്യാദരപൂർവ്വം സൂക്ഷിക്കപ്പെട്ടു പോരുന്നു.

വിശുദ്ധയുടെ നേരെയുള്ള ഭക്തിദ്യോതകമായി ബാലികമാക്കു വിശുദ്ധയുടെ പേരു നൽകുക സർവ്വസാധാരണമാണ്. മറിയം എന്ന മധുരമായ നാമധേയം കഴിഞ്ഞാൽ ഇത്ര ഇമ്പമായ വേറൊരുനാമം ഇല്ലെന്നു പറയാം. ചിലർ അന്ന, മറിയം എന്ന ഈ രണ്ടു നാമധേയങ്ങളും ഒരുമിച്ചും ചിലപ്പോൾ തങ്ങളുടെ കുട്ടികൾക്കു നൽകാറുണ്ട്

## 5. പരിശുദ്ധ കന്യകമറിയവും
## വി. അന്നാ അമ്മയും

വി. അന്നാ അമ്മയ്ക്കും പരി. കന്യകമറിയത്തിനും നൽകുന്ന വണക്കം സാക്ഷാൽ പരസ്പര ബന്ധിതങ്ങളാ

ണ്. പരി. കന്യകമറിയത്തിൻെറ ജനനത്തിരുനാളും കാഴ്ചവെപ്പ് തിരുനാളും യഥാൎത്ഥത്തിൽ വി. അന്നാ അമ്മയുടെ തിരുനാളുകൾ തന്നെയാണെന്നു പറയാം. പുത്രിക്കു നല്കുന്ന സ്തുതി സാക്ഷാൽ മാതാവിനുമുള്ളതാണല്ലൊ. തൻെറ പരിശുദ്ധ ജനനിയുടെ നേരെയുള്ള ഭക്തിയിലും, സ്നേഹത്തിലും വണക്കത്തിലും മറിയം ഇതര മനുഷ്യരെ അപേക്ഷിച്ച് അദ്വിതീയതന്നെ ആയിരുന്നു. ജീവിതകാലത്ത് മറിയം അവിഛിന്നമായ സ്നേഹശൃംഖലയാൽ തൻെറ മാതൃഹൃദയത്തോടു ബന്ധിതയായിരുന്നു. മരണാനന്തരം ഈ ശൃംഖല പൂൎവ്വവൽ ബലവത്തരമായി ഭവിക്കുകയാണു് ചെയ്തിട്ടുള്ളതു്. സ്വൎഗ്ഗത്തിൽ ഈ സ്നേഹബന്ധം എന്നേക്കുമായി ദൃഢതരമാക്കപ്പെട്ടിരിക്കുന്നു എന്നു നിസ്സംശയം പറയാം. ഇതിന്നു് ബാഹ്യമായ ലക്ഷ്യങ്ങളും ഇല്ലാതില്ല. ഒരിക്കൽ പരി. കന്യകമറിയം തൻെറ വിശ്വസ്തഭക്തരിൽ ഒരാൾക്കു് പ്രത്യക്ഷയായി അവളുടെ പ്രതിദിന ജപമാലയിൽ തൻെറ ജനനിയുടെ സ്തുതിക്കായി ഒരു ആകാശങ്ങളിലിരിക്കുന്നതും ഒരു നന്മനിറഞ്ഞ മറിയവുംകൂടി ചൊല്ലണമെന്നു് ആവശ്യപ്പെടുകയുണ്ടായി. "വി. അന്നാ അമ്മയെ ബഹുമാനിക്കുന്നവൎക്കു് സകല അവശ്യങ്ങളിലും, വിശിഷ്യ മരണസമയത്തും, വിലയേറിയ സഹായം ലഭിക്കുന്നതാണു്" എന്നുകൂടെ ദൈവജനനി അറിയിച്ചു. "എൻെറ മാതാവിനോടു കാണിക്കുന്ന ബഹുമാനത്തെ ഞാൻ അതിയായി മതിക്കുന്നു, അതു എനിക്കേറ്റം പ്രസാദിക്കുന്ന ഒരു കാൎയ്യവുമാണു്" എന്നു പരി. കന്യകമറിയം തൻെറ വേറൊരാശ്രിതനോടൊരിക്കൽ അറിയിക്കുകയുണ്ടായി.

ഒരു സന്യാസിക്കുണ്ടായ അനുഭവത്തെപ്പറ്റി പണ്ഡിതന്മാരായ ബൊളാന്തിസ്റ്റർ ഒരു വിവരണം നൽകിക്കാണുന്നുണ്ടു്. അതു ഇങ്ങനെയാണു്. ദേവമാതൃഭക്തനായിരുന്ന ആ താപസനു് ഒരിക്കൽ പെട്ടെന്നൊരു ആത്മീയവ്യഥ ആരംഭിച്ചു. അയാൾ ഭയപരവശനായി സ

സ്വർഗ്ഗരാജ്ഞിയുടെ പക്കൽ അഭയം തേടി. സ്വർഗ്ഗീയപ്രഭാപൂരത്തോടുകൂടി സ്വർഗ്ഗരാജ്ഞി അയാൾക്ക് പ്രത്യക്ഷയായി ഇങ്ങനെ അരുളിച്ചെയ്തു. "നീ സ്നേഹപൂർവ്വം എന്നോടു ഭക്തിയുള്ളവനായിരിക്കുന്നതുകൊണ്ട് നിന്റെ ആത്മീയവ്യഥയും സങ്കടവും ഞാൻ നീക്കാം എങ്കിലും, വലിയവലിയ അനുഗ്രഹങ്ങൾ എന്നിൽനിന്ന് ലഭിക്കണമെന്ന് നീ അഭിലഷിക്കുന്നു എങ്കിൽ എന്റെ മാതാവിനെക്കൂടി വണങ്ങണമെന്നും വാഴ്ത്തണമെന്നും ഞാൻ ഉപദേശിക്കുന്നു. എന്റെ വാത്സല്യമാതാവിന്റെനേരെയുള്ള സ്നേഹപ്രകടനങ്ങളിൽ ഞാൻ വളരെ വളരെ പ്രസാദിക്കുന്നു. എന്റെ അമ്മയെ ബഹുമാനിക്കുന്നവരെ സകല അനർത്ഥങ്ങളിൽനിന്നും രക്ഷിക്കുന്നതാണെന്നും നിത്യഭാഗ്യപ്രാപ്തിയിൽ അവർക്ക് സഹായമായിരിക്കുന്നതാണെന്നും എന്റെ പുത്രനായ മിശിഹാ വാഗ്ദാനം ചെയ്തിട്ടുണ്ടെന്ന് നീ അറിഞ്ഞുകൊള്ളുക. എന്റെ മകനേ, ഈ ഭക്തിയിൽ നീ തഴക്കുക. അതോടുകൂടി ഇതു പ്രചരിപ്പിക്കുകയുംചെയ്യുക."

ഇത്രയും അരുളിച്ചെയ്തശേഷം ദൈവജനനി അപ്രത്യക്ഷയായി. അപ്പോൾ ആ താപസന്റെ ഗുഹയിൽ ഒരു സ്വർഗ്ഗീയസൗരഭ്യം വീശുകയുണ്ടായി. അയാൾ അന്നുമുതൽ പ. കന്യകയുടെ ആ അനുശാസനത്തെ അക്ഷരാർത്ഥം നിറവേററിപ്പോന്നു. അതിൽ പിന്നീട് അയാൾ 'നന്മനിറഞ്ഞ മറിയമേ' എന്ന ജപംചൊല്ലി പ. ക. മറിയത്തോട് എന്തെങ്കിലും കാര്യസാദ്ധ്യത്തിനായി പ്രാർത്ഥിച്ചിരുന്നപ്പോഴെല്ലാം, "അമ്മേ കന്യാശരീരം അങ്ങേക്ക് നൽകിയ അങ്ങേ പ്രിയമാതാവായ വി. അന്നാം അമ്മയും വാഴ്ത്തപ്പെട്ടവളാകട്ടെ" എന്നുകൂടി ചൊല്ലുക പതിവായിത്തീർന്നു.

പരിശുദ്ധ കന്യകമറിയത്തെ കൂടുതലായി പ്രസാദിപ്പിക്കുന്നതിന് നമുക്കും ഈ പരിശുദ്ധ അമ്മയുടെ മാതാവായ വി. അന്നാ അമ്മയെ ഭക്തിപൂർവ്വം വണങ്ങാം. മാതാ

കളെ ബഹുമാനിച്ചു് കാണ്മാൻ മക്കൾ അഭിലഷിക്കുക സാധാരണമാണല്ലോ. അതിനാൽ ക. മറിയത്തിന്റെ പ. ജനനിയെ നമുക്കും വാഴ്ത്തുകയും, അങ്ങനെ ആ അമ്മയുടെ പ്രത്യേകപ്രീതിക്കും പരിലാളനകൾക്കും പാത്രീഭൂതരാവുകയും ചെയ്യാം.

## 6. വിശുദ്ധ അന്നാ അമ്മയുടെ ഭക്തരായിരുന്ന ചില മഹാത്മാക്കൾ.

ഇന്നു് വിശുദ്ധരുടെ ഗണത്തിൽ പെടുന്ന ഭക്താക്കളിൽ പലരും അവരുടെ ലോകജീവിതകാലത്തു് വി. അന്നാ അമ്മയുടെ പ്രത്യേകഭക്തരായിരുന്നു. ഈ വിശുദ്ധയുടെ വിലയേറിയ മാദ്ധ്യസ്ഥ്യം വഴിയായി അവർ പ്രാപിച്ചിട്ടുള്ള നന്മകളും വരപ്രസാദങ്ങളും സീമാതീതമാണു താനും. അവരുടെ അനുഭവസാക്ഷ്യങ്ങൾതന്നെ ഇതിനെ സ്ഥിരീകരിക്കുന്നു.

വി. അഗുസ്തീനോസുതന്നെ ഇതിനു ഉദാഹരണമാണു്. മഹാവിജ്ഞാനിയും സഭയുടെ ഒരു ഉജ്ജ്വലതാരവും ആയിരുന്ന വേദപാരംഗതനായ ഇദ്ദേഹം വി. അന്നാഅമ്മയുടെ ഒരു ഉത്തമ ഭക്തനായിരുന്നു. അദ്ദേഹത്തിന്റെ ജീവിതചരിത്രത്തിൽതന്നെ ഈ വസ്തുത രേഖപ്പെടുത്തിട്ടുള്ളതാണു്. തന്റെ ആയുഷ്കാലത്തു് വിശുദ്ധൻ പ്രതിവർഷവും വി. അന്നാഅമ്മയുടെ തിരുനാളിൽ അവളുടെ പുണ്യങ്ങളേയും സ്ഥാനൌന്നത്യത്തേയുംപററി പതിവായി പ്രസംഗിക്കയും തല്പരരാം ശ്രോതാക്കളായ അസംഖ്യം ആളുകൾ വി. അന്നാ അമ്മയെ വണങ്ങിസ്തുതിക്കുന്നതിനുവണ്ണം ഏവരേയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ടു്.

വി. യോഹന്നാൻ ദമശേൻ എന്ന വേദപാരംഗതൻ ഈ വിശുദ്ധയുടെ പ്രത്യേകആശ്രിതരിൽ വേറൊരാളാണ്. പ. ക. മറിയത്തിന്റെ ഒരു പ്രത്യേകഭക്തനായിരുന്ന ഇദ്ദേഹം. ആ അമ്മയെ എന്നതുപോലെ ഈ വിശുദ്ധയേയും സ്നേഹിച്ചിരുന്നു. വിശുദ്ധയെ പരാമർശിച്ചുള്ള പല ഗ്രന്ഥങ്ങളും ഇദ്ദേഹം വിരചിച്ചിട്ടുണ്ട്. "വി. അന്നാ അമ്മ അനുഗ്രഹം നിറഞ്ഞ ഒരമ്മയാണ്. സഹാനുഭൂതിയുള്ള ഒരു ജനനിയാണ്. കരുണനിറഞ്ഞ ഒരു മാതാവാണ്. എന്തുകൊണ്ടെന്നാൽ അന്ന എന്ന പദത്തിന്റെ അർത്ഥം തന്നെ ഔദാര്യമുള്ള, അനുഗ്രഹമുള്ള, കരുണയുള്ള എന്നാകുന്നു" എന്നിങ്ങനെ ഒരു കൃതിയിൽ അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു.

വി. തോമ്മസ് അക്വിനാസ്, വിജ്ഞാനഭണ്ഡാഗാരം, ജ്ഞാനത്തിന്റെ അവതാരം, വിശുദ്ധസഭയുടെ ഒരു തൂണ്, മാലാഖാസ്സുതുല്യം ജ്ഞാനമുള്ളവൻ എന്നിത്യാദി അപരാഭിധാനങ്ങൾ സാർത്ഥകമായും ആർജ്ജിച്ചു പരിലസിച്ചിരുന്ന ഒരു ദേഹമാണ്. തന്റെ വിജ്ഞാനപ്രകാശത്താൽ ദൈവത്തിന്റെ സഭയെ അനന്യസാധാരണമായ വിധത്തിൽ മഹത്വപ്പെടുത്തിട്ടുള്ള ഒരുമഹാനുമാണ്. ഇദ്ദേഹവും നമ്മുടെ വിശുദ്ധയുടെ ഒരു പ്രത്യേകഭക്തനായിരുന്നു എന്നുള്ളതു ഒരുപക്ഷെ പലർക്കും അജ്ഞാതമായിരുന്നേക്കാം. വി. അന്നാമ്മയുടെ സ്ഥാനൗന്നത്യം, വിശുദ്ധയുടെനേരെയുള്ള ഭക്തിയുടെ ഫലദായകത്വം ആദിയായവയെ വി. തോമ്മസ് അക്വിനാസ് തന്റെ പല കൃതികളിലും സരസമായി സമർത്ഥിച്ചിട്ടുണ്ട്. സർവ്വവിധസങ്കടങ്ങളിലും അരിഷ്ടതകളിലും മനുഷ്യനെ സഹായിക്കുന്നതിനുള്ള ശക്തി നമ്മുടെ വിശുദ്ധയ്ക്കു നൽകീട്ടുള്ളതായി ഈ വിശുദ്ധൻ സകാരണം നമ്മെ പ്രബോധിപ്പിക്കുകയും നമുക്കു ഉറപ്പു നൽകുകയും ചെയ്യുന്നുണ്ട്.

വി. അമ്മത്രേസ്യാ മാലാഖാസ്സുതുല്യം പരിശുദ്ധയും, സ്വന്തം സന്യാസസഭാനിയമങ്ങളെ സമർത്ഥമായും കാലോ

ചിതമായും പരിഷ്കരിച്ച ഒരു മഹതിയുമാണല്ലോ— പണ്ഡിതയായ ഇവളുടെ ചരിത്രം ആരായുന്നപക്ഷം ഈ പുണ്യവതിയും വി. അന്നാഅമ്മയുടെ ഉത്തമ ഭക്തയായിരുന്നു എന്നുകാണാം. വിശുദ്ധയുടെ ഉന്നതസ്ഥാനത്തെയും മാദ്ധ്യസ്ഥശക്തിയേയുംപററി അഭിമാനാദരപൂർവ്വമേ വി. അമ്മത്രേസ്യാ പറഞ്ഞിരുന്നുള്ളു. ഏതൽസംബന്ധമായി പ്രതിപാദിക്കുവാൻ ഇടയാകുന്നതുതന്നെ പ്രിയകരമായ ഒരു കാര്യമായി കരുതിയിരുന്നതിനും പുറമെ മററുള്ളവരെ ഈ ഭക്തിയിലേക്കാകർഷിക്കുന്നതിനും അവൾ അക്ഷീണം പരിശ്രമിച്ചിരുന്നു. കർമ്മലീത്താസഭയിലെ സകല ആശ്രമങ്ങളിലും വി. അന്നാഅമ്മയോടുള്ള ഭക്തമുറ വി.അമ്മത്രേസ്യ ഏർപ്പെടുത്തി.

സുപ്രസിദ്ധയായ വി. ബ്രിജീത്തായാൽ സംസ്ഥാപിതമായ സന്യാസിനീ സഭയിൽ ആ വിശുദ്ധയും ദൈവജനനിയുടെ മാതാവിൻെറനേരെ ഉള്ള ഭക്തിക്ക് പ്രമുഖമായ സ്ഥാനം കല്പിച്ചിട്ടുണ്ട്.

ലോകവിശ്രുതയായ എമെരിച്ച് അന്ന കത്രീനായെപ്പററി കേട്ടിട്ടില്ലാത്തവർ ചുരുക്കമായിരിക്കുമെല്ലോ. നമ്മുടെ ദിവ്യരക്ഷകൻെറ അഞ്ചു തിരുമുറിവുകൾ സ്വശരീരത്തിലും പതിഞ്ഞുകാണുവാനുള്ള മഹാഭാഗ്യം സിദ്ധിച്ച ഈ സൌഭാഗ്യവതി വി. അന്നാ അമ്മയെപ്പററി പറഞ്ഞിട്ടുള്ളതുകൂടി അറിഞ്ഞിരിക്കേണ്ടതാണ്. അവൾ പറയുന്നു: "അശയററ കാര്യങ്ങളിൽ ഞാൻ പരിശുദ്ധയായ അന്നാ അമ്മയുടെ മാദ്ധ്യസ്ഥമാണ് അർത്ഥിക്കുന്നത്."

ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും ഗണത്തിൽ വി. അഗുസ്തീനോസ്, വി. തോമ്മസ് അകിനാസ്, വി. അമ്മത്രേസ്യാ എന്നിവരെപ്പോലെ വിജ്ഞാനത്തിലും വിശുദ്ധിയിലും ഒരേവിധം വിശ്രുതരായിരുന്നിട്ടുള്ളവർ അധികമില്ല. ഈ ദ്ദശന്മാരായ മഹാ ജ്ഞാനികൾ വി. അന്നാ അമ്മയുടെ ഉത്തമ ഭക്തരായിരുന്നു എന്നുള്ളതുതന്നെ ഈ

അമ്മയുടെനേക്കുള്ള ഭക്തിയിലേക്ക നമ്മെ പ്രത്യേകവിധം ആകഷിക്കുന്നതിനു പശ്ചാപൂമായ ഒരു ന്യായമല്ലയൊ? ഇവരുടെ ദൃഷ്ടാന്തം തെളിയിക്കുന്നതു് ഈ ഭക്തി എത്രയും അത്ഥവത്തായതും ഫലസിദ്ധിയുള്ളതും ആണെന്നത്രെ.

## 7. വിശുദ്ധ അന്നാഅമ്മയുടെ മാദ്ധ്യസ്ഥത്താൽ നടന്നിട്ടുള്ള അത്ഭുതങ്ങളും ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങളും

അത്ഭുതങ്ങൾ പ്രവത്തിക്കുന്നതിനുള്ള വരം ദൈവം തന്റെ വിശുദ്ധന്മാരിൽ പലക്കും നൽകിട്ടുണ്ട്. "ഞാൻ നിവ്വഹിച്ചിട്ടുള്ളതിലും വലിയ കായ്യങ്ങൾ നിങ്ങൾ നടത്തും" എന്നു ദിവ്യരക്ഷകൻതന്നെ തന്റെ ശിഷ്യസംഘത്തോടു് അരുളിച്ചെയ്തിട്ടുള്ളതാണല്ലോ. തെരഞ്ഞെടുക്കപ്പെട്ടവരായ തന്റെ ശിഷ്യന്മാക്ക് വാഗ്ദാനംചെയ്ത ഈ ശക്തി തന്റെ സ്വന്തത്തിൽപ്പെട്ടവക്ക് അവിടന്നു നൽകാതിരിക്കയില്ലെന്നു ന്യായമായി വിചാരിക്കാം. രക്തബന്ധംതന്നെ ഉള്ളവർ തെരഞ്ഞെടുക്കപ്പെടുന്ന ശിഷ്യന്മാരേക്കാൾ കൂടുതൽ അടുപ്പത്തിനു അർഹരാണെന്നു് പറയേണ്ടതില്ലല്ലോ. ശാരീരികമായി പറഞ്ഞാൽ മനുഷ്യനായി അവതരിച്ച മിശിഹായുടെ മാതാവിന്റെ ജനനി, തനിക്കു വലിയമ്മയത്രെ. ഈ നിലക്കു് നമ്മുടെ വിശുദ്ധക്കു് തന്റെ ദൈവികപൗത്രന്റെ പക്കൽ അസാമാന്യ സ്വാധീനശക്തി ഉണ്ടായിരിക്കുന്നതിൽ സാംഗത്യമില്ല. തന്റെ ആശ്രിതക്കുവേണ്ടി അത്ഭുതങ്ങൾതന്നെയും പ്രവത്തിക്കുന്നതിനുള്ള ശക്തി ഈ അമ്മക്കു് തന്റെ പൌത്രനിൽനിന്നു പ്രാപിക്കുവാൻ കഴിയുമെന്നുള്ളതിനേപ്പററി ശങ്കിച്ചിട്ടും ആവശ്യമില്ല. ദൈവത്തിന്റെ ഈ വലിയമ്മയുടെ മാദ്ധ്യസ്ഥത്താൽ ഒട്ടുവളരെ അത്ഭുതങ്ങൾ അവിടവിടെ സംഭവിച്ചിട്ടുള്ളതായി പാരമ്പയ്യങ്ങളിൽനിന്നും നാം അ

 14205

റിയുന്നുണ്ട്. ഇതിനു ഉദാഹരണങ്ങൾ സഭാചരിത്രത്തിലും ധാരാളമായി കാണുമാനുണ്ട്. പലതീർത്ഥകേന്ദ്രങ്ങളുടെയും ചരിത്രത്തിൽ ധാരാളം അത്ഭുതസംഭവങ്ങൾ രേഖപ്പെടുത്തപ്പെട്ടിട്ടുമുണ്ട്. പ്രാചീനകാലങ്ങളിൽ സംഭവിച്ചിട്ടുള്ളവയും പുറമേ ഈ ആധുനികകാലത്തുപോലും നിരവധി അത്ഭുതങ്ങൾ സംഭവിച്ചുകൊണ്ടുമാണിരിക്കുന്നത്. ഉദാഹരണത്തിന്നായി കാനഡായിലെ ബ്യൂപ്പറിലുള്ള വി. അന്നാ അമ്മയുടെ ദേവാലയത്തിൽ ഇപ്പോഴും പ്രതിവർഷം നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളേമാത്രം അനുസ്മരിച്ചാൽ മതിയാകും. ഓരാണ്ടുവട്ടത്തിൽ സഹസ്രക്കണക്കിന് വിശ്വാസികളാണ് അവിടെ കൂടുന്നത്. ഇതിൽ വളരെപേർക്ക് രോഗശാന്തി ഉണ്ടാകുന്നു. എല്ലാവർക്കും സമാശ്വാസവും സംതൃപ്തിയും ലഭിക്കുന്നു. വിശുദ്ധയുടെ മാദ്ധ്യസ്ഥശക്തിയിൽ വിശ്വാസവും ശരണവും ഉളവാക്കുവാൻ ഈ സംഭവങ്ങൾ ധാരാളം മതിയാകുന്നതാണ്.

സുപ്രസിദ്ധനും പണ്ഡിതനുമായിരുന്ന ത്രീത്തേമിയൂസ് എന്ന മഠാധിപൻ വി. അന്നാ അമ്മയോടുള്ളഭക്തിയിൽ സവിശേഷം പ്രശോഭിച്ചിരുന്ന ഒരു ആളാണ്. ഈ ഭക്തി പ്രചുരമായി പ്രചരിപ്പിക്കുവാൻ തീവ്രമായി യത്നിച്ചുകൊണ്ടിരുന്ന ഇദ്ദേഹം നമ്മുടെ വിശുദ്ധയുടെ അപദാനങ്ങളെ പ്രകീർത്തിച്ചുകൊണ്ട് ഒരു ഗ്രന്ഥംതന്നെ രചിച്ചിട്ടുണ്ട്. അതിൽ അദ്ദേഹം ഇങ്ങനെ പ്രസ്താവിക്കുന്നു. "സകല ആവശ്യങ്ങളിലും സഹായിക്കുന്നതിനുള്ള ശക്തി ദൈവം വി. അന്നാഅമ്മയ്ക്കു നൽകിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ, ശാരീരികമായി അവളുടെ ദിവ്യ പൗത്രനായ മിശിഹാ അവളുടെ ഒരത്ഥനയും നിരസിച്ചു കളയുകയില്ല. അവളുടെ പ്രതാപവതിയായ പുത്രി മറിയം അവളുടെ സകല അഭ്യർത്ഥനകളേയും പിൻതാങ്ങുകയും ചെയ്യുന്നു."

"വി. അന്നാഅമ്മയെ ബഹുമാനിച്ചുവണങ്ങുന്നവക്ക് ഇഹത്തിലാകട്ടെ പരത്തിലാകട്ടെ യാതൊരു കുറവും ഉണ്ടാകയില്ല. അവളെ നിങ്ങൾ സ്നേഹിച്ചു വണങ്ങുന്നാപക്ഷം, ദൈവം അവളെ എത്രയധികം മതിക്കുന്നുവെന്നു് നിങ്ങൾക്കു് അറിയാനിടയാകുമെന്നു് ഞാൻ ഉറപ്പുപറയുന്നു. അവൾ ചോദിക്കുന്ന സമസ്തവും അവിടുന്നു് നൽകിയരുളുന്നു. തന്റെ ആശ്രിതക്ക് അവൾ പ്രാപിച്ചുകൊടുക്കുന്ന വരങ്ങൾ എത്രമാത്രമെന്നു് വർണ്ണിക്കുക അസാദ്ധ്യമത്രെ."

പ്രസ്തുതഗ്രന്ഥകാരൻ വീണ്ടും ഇങ്ങനെ തുടരുന്നു. "വി. അന്നാഅമ്മ തന്റെ മാദ്ധ്യസ്ഥം മൂലം ആകുലങ്ങളേയും ദുഷ്ടചിന്തകളേയും അകറ്റുന്നു. അഗതികളെ സഹായിക്കുന്നു, രോഗികളെ സുഖപ്പെടുത്തുന്നു. ദുഃഖിതരെ ആശ്വാസിപ്പിക്കുന്നു. പരീക്ഷകളെ അകറ്റി തന്റെ ഭക്തക്ക് തിന്മയിൽനിന്നും ഒഴിഞ്ഞു് പുണ്യത്തിൽ അഭിവൃദ്ധിപ്പെടുന്നതിനുള്ള വരപ്രസാദം തന്റെ മാദ്ധ്യസ്ഥം വഴിയായി സമ്പാദിച്ചുകൊടുക്കുന്നു. ബുദ്ധിക്കു പ്രകാശവും മനസ്സിനു ധൈര്യവും ഹൃദയത്തിനു സ്നേഹാത്രാപിയും അവൾ പ്രാപിച്ചുകൊടുക്കുന്നു. ഈ വിശുദ്ധ അനേകായിരങ്ങളെ സാംക്രമികരോഗ ബാധകളിൽനിന്നും സംരക്ഷിച്ചിട്ടുണ്ടു്. അവളുടെ മാദ്ധ്യസ്ഥം വഴിയായി ദുഷ്ടാരൂപികളെ അകറ്റിയിട്ടുണ്ടു്. ഗൃഹസ്ഥജീവിതക്കാരിൽ വന്ധ്യമാരായവക്ക് വിശുദ്ധസന്താനസമ്പത്തു് പ്രാപിച്ചുകൊടുക്കുന്നു, ഗർഭിണികൾക്കു് പ്രസവാരിഷ്ടതകളിൽ സ്വർഗ്ഗീയ സഹായം തേടിക്കൊടുക്കുന്നു. നിരാശയിൽ ഉഴലുന്നവരെ ദൈവാനുഗ്രഹത്തെപ്പറ്റിയുള്ള ചിന്തയാൽ പ്രചോദിപ്പിക്കയും മന്ദഭക്തരെ ഭക്തിതീക്ഷ്ണതയാൽ എരിയിക്കയും ചെയ്യുന്നു. ഈ വിശുദ്ധ പെട്ടെന്നുള്ള മരണത്തിൽനിന്നും പലരേയും രക്ഷിച്ചിട്ടുണ്ടു്; മാത്രമല്ല, മൃതരായിത്തീർന്ന പലക്കും തന്റെ മാദ്ധ്യസ്ഥംവഴി പുനർജീവൻതന്നെയും പ്രദാനം ചെയ്തിട്ടുണ്ടു്. വി. അന്നാഅമ്മയെ യഥാർത്ഥം വണങ്ങുന്നവക്ക്

സകലവിധ ആവശ്യങ്ങളിലും അവളുടെ മാദ്ധ്യസ്ഥസഹായം പ്രാപിക്കാവുന്നതാണ്." ചുരുക്കിപ്പറഞ്ഞാൽ മനുഷ്യനെ അടിമുഖികരിക്കുന്ന തിന്മകൾ നിരവധിയായിരിക്കുന്നതുപോലെ വി. അന്നാ അമ്മയുടെ മഹനീയമായ മാദ്ധ്യസ്ഥംമൂലം അവർക്കു ലഭിക്കുന്ന വരപ്രസാദങ്ങളും, അനുഗ്രഹങ്ങളും നിരവധിയാണെന്ന് അതിശയോക്തിലേശമെന്യെ പറയാവുന്നതാണ്.

## 8. ക്രിസ്തീയമാതാക്കളുടെ മദ്ധ്യസ്ഥയും സഹായകയുമായ വി. അന്നാ അമ്മ.

വിശുദ്ധ അന്നാ അമ്മ ക്രിസ്തീയമാതാക്കൾക്ക് എന്നല്ല കുട്ടികളുടെ അദ്ധ്യാപനത്തിൽ ഏർപ്പെട്ടിരിക്കുന്ന സകലർക്കും ഉത്തമമാതൃകയാണ്. ഈ ഭാഗ്യവതി ദൈവത്തിന്റെ ജനനിയുടെ മാതാവാണ്. നാശക്കുപത്തിൽ നിപതിച്ചുപോയ ലോകത്തിന് തന്റെ പുത്രിവഴിയായി അനുഗ്രഹത്തിന്റെ നാഥനെ നൽകുവാൻ ഭാഗധേയം സിദ്ധിച്ച ഈ വിശുദ്ധയ്ക്കു ലഭിച്ച ബഹുമതി ഒരു മഹാ ബഹുമതിതന്നെ. രക്ഷകന്റെ ജനനിയെ പുണ്യത്തിലും വിശുദ്ധിയിലും വളർത്തുന്നതിനു നിയുക്തയായ ഈ വിശുദ്ധയുടെ സ്ഥാനോന്നത്യവും അതുല്യമെന്നു സമ്മതിച്ചേതീരൂ. പേരുകൊണ്ടെന്നതുപോലെ സുകൃതങ്ങളുടെ ബഹുലതകൊണ്ടും ഇവൾ വരപ്രസാദങ്ങളുടെ ഒരു പാത്രംതന്നെ ആയിരുന്നു. ഈ അപരാഭിധാനത്തെ തികച്ചും അന്വർത്ഥമാക്കുമാറു ദൈവത്തിന്റെ അമ്മയുടെ മാതാവാകുവാനിരുന്ന ഈ വനിതാരത്നത്തിനു അവൾ പ്രാപിക്കുവാനിരുന്ന ഉന്നതസ്ഥാനത്തിനനുയോജ്യമായ സകലവിധ ദാനങ്ങളും ദൈവം ധാരാളമായി നൽകി. അനുഗ്രഹീതയായിരുന്ന തന്റെ പുത്രിയെ നമ്മുടെ വിശുദ്ധ ഏറ്റം ഉചിതമായ വിധത്തിൽ തന്നെ വളർത്തിക്കൊണ്ടുവന്നു. വിശുദ്ധ

യുടെ വിശുദ്ധീകരണത്തിനു പ്രധാന നിദാനമായി ഭവിച്ചതും ഇതുതന്നെ ആയിരുന്നു. തൻമൂലം ദൈവത്തിന്റെ സഭയിൽ നിത്യകാലത്തേക്ക അവൾ പ്രത്യേകമായ ബഹുമതിക്കും ആദരവിനും അർഹയായിത്തീരുകയും ചെയ്തിരിക്കുന്നു.

ഹാ! മക്കളുടെ നല്ല വളർത്തലിനു ചുമതലപ്പെട്ടിരിക്കുന്ന മാതാപിതാക്കൾക്ക് എത്ര അനുകരണീയവും പ്രോത്സാഹജനകവുമായ ഒരു മാതൃകയാണ് നാം ഇവിടെകാണുന്നത്. തങ്ങളുടെ സംരക്ഷണയിൽ നൽകപ്പെട്ടിരിക്കുന്ന സന്താനങ്ങളുടെ ശരിയായ ശിക്ഷണവും വളർത്തലുംമൂലം ഓരോരുത്തരും തങ്ങളുടെ സ്രഷ്ടാവിനെ മഹത്വപ്പെടുത്തുന്നു. തന്റെ മഹിമയെ ലോകത്തിൽ നിലനിറുത്തുന്നു. തങ്ങളുടെ തന്നെ ആത്മാക്കളെ വിശുദ്ധീകരിക്കയും ചെയ്യുന്നു. സന്താനങ്ങളുടെ എല്ലാം ആത്മാക്കളെ എല്ലാമാതാപിതാക്കളോടും ദൈവം ഒരിക്കൽ ആവശ്യപ്പെടും. "എന്നെ ഏല്പിച്ചവരിൽ ഒന്നുപോലും എന്റെ കുററംമൂലം നഷ്ടപ്പെട്ടിട്ടില്ല" എന്നു അപ്പോൾ, ആത്മാക്കളുടെ കണക്ക് ചോദിക്കുന്ന ആ അവസരത്തിൽ, ആ ദൈവികവിധിയാളനോട്ട സമാധാനം പറയുവാൻ സംഗതിയാകുന്ന മാതാപിതാക്കന്മാർ ഭാഗ്യവാന്മാർതന്നെ സംശയമില്ല. നല്ല മക്കൾ മാതാപിതാക്കൾക്ക് തന്നെയും സന്തോഷനിദാനമാണല്ലോ. അവർ സ്വന്ത മാതാപിതാക്കളെ നിത്യകാലത്തേക്ക് മഹത്വപ്പെടുത്തുകതന്നെ ചെയ്യും.

മാതാപിതാക്കൾ രക്ഷപെടേണ്ടതു മക്കൾക്ക് നൽകുന്ന ക്രിസ്തീയവിദ്യാഭ്യാസം വഴിയാണെന്ന് വി. പൗലോസും പ്രസ്താവിക്കുന്നു. (1 Tim ii–15) സുകൃതവിദ്യാഭ്യാസത്തിൽ അഭിവൃദ്ധികാണിക്കാത്ത മക്കളുടെ മാതാപിതാക്കന്മാർ ബലിപീഠത്തിങ്കൽ ശുശ്രൂഷിക്കുവാൻ വി. ഗ്രീഹാ അനുവദിക്കുന്നില്ല. പക്ഷേ, ഇന്നു നാം എന്താണ്

കാണുന്നതു്? പലേ മാതാപിതാക്കളും അവരുടെ മക്കളുടെ ലൌകികയോഗ്യതകളിൽമാത്രം ശ്രദ്ധാലുക്കളായി വർത്തിക്കുന്നു. ലോകത്തിൽ എങ്ങനെയും ഒരു സ്ഥാനം അവൎക്കു് കരസ്ഥമാക്കികൊടുക്കുവാൻമാത്രം യത്നിക്കുന്നു. സാക്ഷാൽ സന്തോഷത്തിനു് നിദാനമായ സുകൃതജീവിതത്തിൽ അവരെ നയിക്കുന്ന കാൎയ്യത്തിൽ അക്ഷന്തവ്യമായ അനാസ്ഥ പ്രകടിപ്പിക്കുന്നു. ഇതേപ്പററി ചിന്തിച്ചപ്പോൾ പ്രസിദ്ധ തത്വശാസ്ത്രജ്ഞനായ സോക്രട്ടിസിൻെറ നയനങ്ങളിൽനിന്നു് അശ്രുകണങ്ങൾ താനെ നിലംപതിച്ചുപോയി. ഈ അനാസ്ഥയുടെ ഭയങ്കരത അദ്ദേഹത്തെ അസ്വാസ്ഥ്യചിത്തനാക്കി. "പൌരന്മാരെ, നിങ്ങൾ എന്താണു് ചിന്തിക്കുന്നതു്? മക്കളേക്കാൾ വിലയേറിയതു പണവും ഭൂമിയുമാണോ എന്നു തോന്നുമാറു അവൎക്കുവേണ്ടി ധനം സമ്പാദിക്കുവാനായി സമയം മുഴുവൻ നിങ്ങൾ വ്യയംചെയ്യുന്നു. പക്ഷെ, അവരുടെ ആത്മാക്കളിൽ സുകൃതം മുളപ്പിക്കുന്ന കാൎയ്യത്തിൽ കഷ്ടമെ, ഒരു ശ്രമവും നിങ്ങൾ ചെയ്യുന്നില്ല" Plutarch i De educand, liberis എന്നു ഏററം ഉയൎന്ന ഒരു സ്ഥാനത്തുനിന്നുകൊണ്ടു് പട്ടണവാസികളോടു വിളിച്ചു പറയുവാൻ അദ്ദേഹം അഭിലഷിച്ചിരുന്നു. മക്കളുടെ നല്ല വളൎത്തലിൽ മാതാക്കൾക്കുള്ള ചുമതല ഗൌരവാവഹമായ ഒന്നാണു്. ഇതു ശരിക്കു ഗ്രഹിക്കുന്ന ഏവനും തൻെറ മക്കളെ അനുദിനം ദൈവത്തിനു സമൎപ്പിച്ചുകൊണ്ടു് അവൎക്കു് നല്ല ശിക്ഷണവും ശരിയായ പരിശീലനവും നൽകുവാൻ ഇടയാകുന്നതിനു് വേണ്ടതായ അനുഗ്രഹം ക്രിസ്ത്യമാതാക്കൾക്കു് ഉത്തമമാതൃകയായ വി. അന്നാഅമ്മയോടു നിരന്തരം പ്രാൎത്ഥിക്കാതിരിക്കുകയില്ല നിശ്ചയം. കുട്ടികളെ ശരിയായി പരിശീലിപ്പിക്കുക എന്നതു് ഏററം വലിയ ഒരു കലയാണു്. അതു് കലകളിൽവെച്ചു് ഏററം പ്രയാസമേറിയതുമാണു്.

തന്നെ വണങ്ങുന്നവൎക്കെല്ലാം വി. അന്നാഅമ്മ നിരവധി അനുഗ്രഹങ്ങൾ പ്രാപിച്ചുകൊടുക്കുന്നു. എങ്കിലും

തന്നെ മദ്ധ്യസ്ഥയായി തെരഞ്ഞെടുക്കുകയും യഥാവിധി തന്നെ അനുകരിക്കയും ചെയ്യുന്ന ക്രിസ്തീയമാതാക്കൾക്ക് പ്രത്യേകിച്ചും ഈ അമ്മയുടെ ദാനങ്ങൾ ലഭിക്കും. വിശുദ്ധയ്ക്കു ക്രിസ്തീയമാതാക്കളുടെ നേരെയുള്ള ഈ പ്രത്യേകതയെ ഉദാഹരിക്കുന്ന സംഭവങ്ങൾ ധാരാളമുണ്ട് ഈ വിശുദ്ധ വിവാഹജീവിതത്തിൽ അവക്ക് സമാധാനം നൽകുന്നു. ഭാര്യഭർത്താക്കന്മാർതമ്മിൽ അഭിപ്രായൈക്യം പുലത്തുന്നു. പലപ്പോഴും അത്ഭുതകരമായ വിധത്തിൽ ഭർത്താക്കന്മാരുടെ ദുസ്വഭാവത്തിനു മാററം വരുത്തുന്നു. ഇതുമാത്രമോ? കുട്ടികളുടെ ജനനവേളയിൽ പ്രത്യേകവിധസംരക്ഷണം നൽകുന്നു, കുട്ടികളുടെ ശിക്ഷണവും നല്ല വളത്തലും ലഘുവാക്കി ക്ഷിപ്രസാദ്ധ്യമാക്കിത്തിക്കുന്നു. വഴിപിഴച്ചുപോകുന്ന കുട്ടികളെ സൽപഥത്തിലേക്ക് ആനയിക്കുന്നു, അനാരോഗ്യവതികളായ മാതാക്കൾക്ക് നല്ല ആരോഗ്യം നല്കുന്നു. സർവ്വോപരി കുടുംബത്തിൻെറയും നിരാധാരരായ കുട്ടികളുടെയും ക്ഷേമൈശ്വര്യത്തിനിടയാക്കമാറു ഭർത്താവിനു ദീർഘായുസ്സു പ്രാപിച്ചുകൊടുക്കുന്നു.

ദൈവവും പ. ക. മറിയവും കഴിഞ്ഞാൽ വി. ബ്രിജീത്തായുടെ അതിരററ സ്നേഹത്തിനു പാത്രീഭവിച്ചിരുന്ന ഒരു വിശുദ്ധയാണ് അന്നാ അമ്മ. ഒരു ദിവസം വിശുദ്ധ ബ്രിജീത്താ അന്നാ അമ്മയോടു പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയിൽ. പുണ്യവതി അവൾക്കു പ്രത്യക്ഷയായി, ഇങ്ങനെ അരുളിച്ചെയ്തു. "എൻെറ വാത്സല്യമകളേ, കണ്ടാലും: ഞാനാണു നീ അതിയായി സ്നേഹിക്കുന്ന അന്നാ. എന്നെ സ്നേഹിക്കുന്നവരോട് എനിക്കുള്ള പക്ഷവും അനുഗ്രഹവും ദയയും എത്രമാത്രമെന്നു നീ ഗ്രഹിച്ചാലും. പരിശുദ്ധമായും സമാധാനത്തോടുകൂടിയും ദാമ്പത്യജീവിതം നയിക്കുന്നവരെ ഞാൻ അതിയായി സ്നേഹിക്കുന്നു. അവരെ പ്രത്യേകവിധത്തിൽ ഞാൻ സംരക്ഷിക്കുകയും ചെയ്യും. അവർ എന്നെ അഭയംപ്രാപിക്കുമ്പോളെല്ലാം അവരുടെ അപേക്ഷകൾ ഞാൻ സാധിച്ചുകൊടുക്കും."

ക്രിസ്തീയ മാതാക്കളേ, വി. അന്നാഅമ്മയുടെ സഹായം എത്ര അപരിത്യാജ്യമാണെന്നു നിങ്ങൾ ധരിക്കുവിൻ. പ്രത്യേകിച്ചു കുട്ടികളുടെ നല്ലവളത്തിനു ഈ വിശുദ്ധയുടെ സഹായം നിങ്ങൾക്കു ഒഴിച്ചുകൂടാവുന്നതല്ല. മാതാക്കളുടെ ദൈവഭക്തിയും സ്വഭാവഗുണവും അല്ലായിരുന്നു എങ്കിൽ ഇന്നുള്ള വിശുദ്ധന്മാരിൽ പലരും പുണ്യപൂർണ്ണതയിൽ എത്തിച്ചേരുകയില്ലായിരുന്നു എന്നു നിസ്സംശയം പറയാം. മടിയിൽ കിടക്കുമ്പോൾ മുതൽ ഒരു തള്ള അതിന്റെ കുഞ്ഞിനു ശരിയായ പരിശീലനം നൽകിത്തുടങ്ങേണ്ടതാണ്. ശൈശവംമുതല്ക്കുതന്നെ കുട്ടികളിൽ സുകൃതങ്ങൾക്കു അടിസ്ഥാനമിടണം. ഭാവി വിശുദ്ധന്മാരുടെ വിത്തുകൾ വിതയ്ക്കേണ്ടതു് മാതാക്കൾതന്നെയാണ്. ഏതതസംബന്ധം പണ്ഡിതനായ ഒരു മെത്രാൻ എഴുതിയിരിക്കുന്നതായതു്. "ദൈവത്തിന്റെ ദാനങ്ങളിൽ ഏറാവും വലുതു ഒരു ക്രിസ്തീയമാതാവത്രെ."

"നിങ്ങൾ ഈ നിർഭാഗ്യസ്ഥലത്തു വരുവാൻ ഇടയാക്കിയതു് എന്താകുന്നു?" എന്നു നരകവാസികളോടു നാം ചോദിക്കുന്നപക്ഷം നമുക്കു ലഭിക്കുന്ന മറുപടി എന്തായിരിക്കും? "ഞങ്ങൾക്കു ക്രിസ്തീയ മാതാപിതാക്കന്മാരെ ലഭിച്ചില്ല. ഞങ്ങളുടെ അധഃപതനത്തിന്റെ അടിസ്ഥാനം അതായിരുന്നു" എന്നായിരിക്കും അവരിൽ മിക്കവരിൽനിന്നും നമുക്കു് ലഭിക്കുന്ന മറുപടി.

ഹാ! ഒരു ക്രിസ്തീയ മാതാവിന്റെ അന്ത്യഘട്ടം എത്ര ആശ്വാസജനകമായിരിക്കും! "ക്രിസ്തീയമാതാക്കളുടെ എല്ലാം മരണം എപ്പോഴും ഏററം ആനന്ദപ്രദവും മാതൃകാപരവുമായിട്ടാണ് ഞാൻ കണ്ടിട്ടുള്ളതു്" എന്നു രണ്ടായിരത്തിൽപരം ജനങ്ങളുടെ മരണം ദർശിക്കുവാനിടയായ ഒരു ഫ്റഞ്ചു് ഡോക്ടർ തന്റെ അനുഭവജ്ഞാനത്തെ അടിസ്ഥാനമാക്കി അഭിപ്രായപ്പെട്ടിരിക്കുന്നു. അതേ, ഇതു ശരിതന്നെ. ഭക്തയായ ഒരു ക്രിസ്തീയ മാതാവിനു അവളുടെ ഭാവിഭാഗ്യത്തിന്റെ രുചി കാലേകൂട്ടിത്തന്നെ

അനുഭവപ്പെട്ടുതുടങ്ങും. തൻെറ മക്കളെ സ്വർഗ്ഗത്തിൽ ദർശിക്കുവാനുള്ള ഭാഗധേയം സിദ്ധിക്കുന്ന ഒരു മാതാവിനെക്കാൾ ഭാഗ്യപ്പെട്ടവരായി അധികമാരും സ്വർഗ്ഗത്തിൽ ഉണ്ടായിരിക്കയില്ല. അതേ, അതൊരു 'മഹാഭാഗ്യംതന്നെ, സംശയമില്ല. സന്താനങ്ങളിൽ ഓരോരുത്തരുടേയും നിത്യരക്ഷ, അവരുടെ മാതാപിതാക്കളെ സംബന്ധിച്ചിടത്തോളം അവർക്ക് സ്വർഗ്ഗത്തിൽ ഓരോ പ്രത്യേകാനന്ദം തന്നെ ആയിരിക്കും. നിത്യത്വത്തിൽ തൻെറ സന്താനങ്ങളെ ദർശിക്കുന്നതിനുള്ള മഹാഭാഗ്യം സിദ്ധിക്കുന്ന ക്രിസ്തീയമാതാപിതാക്കൾ നിത്യത്വത്തിൻെറ കവാടംമുതല്ക്കുതന്നെ അനുഭവിച്ചുതുടങ്ങുന്ന അതിൻെറ ആനന്ദത്തെ ഉദാഹരിക്കുന്നതും കഴിഞ്ഞ നൂററാണ്ടിൻെറ മദ്ധ്യത്തിൽ നടന്നതുമായ ഒരു സംഭവം ഇവിടെ വിവരിക്കാം.

ജർമ്മനിയിൽ ബെഡ്ഡനു സമീപമുള്ള ഒരു ഗ്രാമത്തിൽ ഭക്തയായ ഒരു ക്രിസ്തീയമാതാവു ആസന്നമരണയായി കിടക്കുകയായിരുന്നു. അവളുടെ ഏഴു സന്താനങ്ങൾ നേരത്തെ സ്രഷ്ടാവിൻെറ പക്കൽ എത്തിയിരുന്നു. മരണസമയം ആസന്നമായി. ആരെയോ സമീപിക്കുവാൻ എന്നു തോന്നുമാറ് പെട്ടെന്നു അവൾ ശയ്യയിൽനിന്നു എഴുന്നേല്ക്കുവാൻ ഭാവിച്ചു. ഒരു മഹാപ്രസന്നത അവളുടെ മുഖത്തു പ്രത്യക്ഷപ്പെട്ടു. ഒരു സന്തോഷസ്വരം പുറപ്പെടുവിച്ചുകൊണ്ടു "ഹാ! എൻെറ പ്രിയകുഞ്ഞുങ്ങളേ" എന്നവൾ വിളിച്ചുപറഞ്ഞു. അന്ത്യകൂദാശകൾ നൽകിയ വൈദികൻ അവളുടെ സമീപത്തുനില്ക്കുന്നുണ്ടായിരുന്നു. "എന്താണ് നീ കാണുന്നത്" എന്നാദ്ദേഹം ചോദിച്ചു. "എൻെറ കുട്ടികളെല്ലാം അവിടെയുണ്ടു്" എന്നവൾ ഉച്ചരിച്ചു. അടുത്ത ക്ഷണത്തിൽ അന്ത്യശ്വാസം വലിച്ചുകൊണ്ടു് ആ ഭാഗ്യവതി പ്രപഞ്ചയവനികക്കുള്ളിൽ തിരോധാനം ചെയ്യുകയും ചെയ്തു.

ഇതേവിധത്തിലുള്ള മഹാഭാഗ്യം കാംക്ഷിക്കുന്ന ക്രിസ്തീയ മാതാക്കളേ, വിശുദ്ധ അന്നാഅമ്മയെ നിങ്ങൾ മ

ഷ്യസ്ഥയായി തെരഞ്ഞെടുത്തു്, അവളെ നിങ്ങൾ വണങ്ങി അഭയംപ്രാപിച്ചുകൊള്ളുവിൻ. എന്നാൽ നിങ്ങൾക്കും ഇതേവിധംതന്നെ ധന്യരാകാം.

## 9. വി. അന്നാ അമ്മയുടെ മാദ്ധ്യസ്ഥത്തിന്റെ ശക്തി.

വി. അന്നാഅമ്മയെ ദൈവം സ്വർഗ്ഗരാജ്ഞിയുടെ മാതാവായി തെരഞ്ഞെടുത്തു. അത്യുന്നതമായ ഈ സ്ഥാനത്തിനർഹയായിത്തീർന്ന ഈ വിശുദ്ധസ്സ് സ്വർഗ്ഗത്തിൽ, മനുഷ്യനായി അവതരിച്ച രക്ഷകന്റെയും തന്റെ ദൈവജനനിയുടേയും അടുക്കൽ മഹോന്നതമായ ഒരു സ്ഥാനം തന്നെ നൽകപ്പെട്ടിരിക്കുന്നു. ദൈവസന്നിധിയിൽ വിശുദ്ധസ്സുള്ള അനന്യസാധാരണമായ സ്വാധീനശക്തിയേ അക്കം നിഷേധിക്കുവാനും നിവൃത്തിയില്ല. സർവ്വശക്തന്റെ ജനനിയുടെ മാതാവിന്, പരി. കന്യകമറിയത്തിന്റെ അമ്മസ്സ്, ഈ പ്രാഭവവും പ്രതാപവും സർവ്വഥാ അനുയോജ്യമത്രെ.

13-ാം ഗ്രിഗോറിയോസ് മാർപ്പാപ്പായാണ് വി. അന്നാഅമ്മയുടെ തിരുനാൾ തിരുസഭയിൽ ഏർപ്പെടുത്തിയതു്. തദവസരത്തിൽ അദ്ദേഹം പ്രസ്താവിച്ചതിങ്ങനെയാണ്. "വി. അന്നാ നിരന്തരം നമുക്കുവേണ്ടി കരുണനിറഞ്ഞ ദൈവസന്നിധിയിൽ മാദ്ധ്യസ്ഥംപറയുന്നു എന്നു നാം വിശ്വസിക്കുന്നു. എന്തുകൊണ്ടെന്നാൽ അവൾ വഴിയായി നിരവധി അനുഗ്രഹങ്ങൾ മനുഷ്യവംശത്തിനു സിദ്ധിച്ചിട്ടുണ്ട്. നമ്മുടെ രക്ഷകനായ മിശിഹായെ പ്രസവിക്കുവാൻ അർഹയായ സദാപരിശുദ്ധയും അമലോത്ഭവയുമായ പ. കന്യകമറിയം അവളിൽനിന്നത്രെ ജാതയായതു്."

15-ാം ഗ്രിഗോറിയോസ് മാർപ്പാപ്പ നമ്മെ പ്രബോധിപ്പിക്കുന്നതായതു്: "മറിയത്തിന്റെ മാതാവിനെ നാം എ

ത്രകണ്ടു് സ്നേഹിക്കുന്നുവോ അത്രയ്ക്കു, ദൈവത്തിന്റെ ഏക പുത്രനായ മിശിഹായുടെ മാതാവായ പ. കന്യകമറിയത്തിന്റെ മാദ്ധ്യസ്ഥത്തിനു നാം പാത്രമാന്മാരാകുന്നു."

വി. അന്നാ അമ്മയുടെ മാദ്ധ്യസ്ഥംവഴി സാധിച്ചിട്ടുള്ള ആത്മാക്കളുടെ രക്ഷയും അത്ര അപൂർവ്വമല്ല. ഈ പുണ്യവതി ആത്മാക്കൾക്കുവേണ്ടി തന്റെ പുത്രിയോടപേക്ഷിക്കുന്നു. പുത്രിയാകട്ടെ തന്റെ ദിവ്യസുതന്റെ പക്കൽ തന്റെ സ്വാധീനശക്തി പ്രയോഗിക്കുന്നു. അനുഗ്രഹദാതാവായ അവിടുന്നു് തന്റെ അനുഗ്രഹം നമ്മിൽ വർഷിക്കുകയുംചെയ്യുന്നു. അവിടുന്നു തന്റെ ജനനിയുടെയൊ അഥവാ അവളുടെ ജനനിയുടെയൊ അർത്ഥനകളെ ഒരിക്കലും നിരാകരിക്കുന്നതല്ല. മിശിഹാ കാരുണ്യപൂർവ്വം അവരുടെ മാദ്ധ്യസ്ഥാപേക്ഷകളെ ചെവിക്കൊള്ളുന്നു. നാം അവരോടു പ്രാർത്ഥിക്കുന്ന നന്മകളിൽ നമ്മുടെ ആത്മരക്ഷക്കുപയുക്തമായിട്ടുള്ളവയെല്ലാം അവർ വഴിയായി നമുക്കു നൽകുകയും ചെയ്യുന്നു.

"നമ്മുടെ നല്ല അമ്മയായ വി. അന്നാഅമ്മ നമ്മുടെ സകല ആവശ്യങ്ങളിലും ആപത്തുകളിലും പരീക്ഷകളിലുംനമ്മെ സഹായിക്കുമെന്നു എനിക്കുറപ്പുണ്ടു്. ഈ വാസ്തവം നമുക്കു അറിയുകയും ചെയ്യാം. എന്തുകൊണ്ടെന്നാൽ, അവൾ നമുക്കുവേണ്ടി എന്തെല്ലാം ആവശ്യപ്പെടുന്നുവോ അതനുസരിച്ചു താൻ സ്വർഗ്ഗത്തിൽ പ്രവർത്തിക്കുമെന്നു നമ്മെ ബോദ്ധ്യപ്പെടുത്തുവാൻ ദൈവം ആഗ്രഹിക്കുന്നു." എന്നു വി. അമ്മത്രേസ്യാ പലപ്പോഴും പറയുക പതിവായിരുന്നു.

ധന്യനായ ത്രീത്തേമിയൂസ് മെത്രാപ്പോലീത്ത് വീണ്ടുംനമ്മെ ഉദ്ബോധിപ്പിക്കുന്നതായതു്:— "സ്നേഹം നിറഞ്ഞ നിങ്ങളുടെ മദ്ധ്യസ്ഥയായ വി. അന്നാഅമ്മയെ വിശ്വാസപൂർവ്വം സമീപിക്കുവിൻ. നിരന്തരമായി പ്രാർത്ഥിച്ചുകൊണ്ടു അവളുടെ കവാടത്തിങ്കൽ മുട്ടുവിൻ. നിങ്ങളുടെ പാപങ്ങൾക്കു പൊറുതി പ്രാപിച്ചുതരുന്നതിനും സ്വർഗ്ഗം നിങ്ങൾക്കാ

യി ത്തുറക്കുന്നതിനും, അവൾക്കു കഴിയും. നിങ്ങളുടെ രക്ഷക്കാവശ്യമായവയിൽ യാതൊന്നും അവൾക്ക് ഇല്ലാതില്ല..... സ്വർഗ്ഗരാജ്ഞി തന്റെ വാത്സല്യമാതാവായി ആദരിക്കുന്ന വി. അന്നാ അമ്മവഴിയായി നിരവധി നന്മകൾ പ്രാപിച്ചിട്ടുള്ള എന്നു നിങ്ങൾ വിശ്വസിക്കുവിൻ. വി. അന്നാമ്മയുടെ ഭക്തർക്കു ദൈവം നൽകിയിട്ടുള്ള അനുഗ്രഹങ്ങൾ എത്രയെന്നു ആർക്കും നിശ്ചയമില്ല; ഖണ്ഡിച്ചു പറഞ്ഞാൽ ആരും വിശ്വസിക്കുകയുമില്ല!"

മദ്ധ്യയുഗങ്ങളിലെ ആ പ്രതാപകാലത്ത് ജനങ്ങൾ വി. അന്നാ അമ്മയെ കന്യകകളുടെ ആശ്രയം, ദുഃഖിതരുടെ ആശ്വാസം, അഗതികളുടെ മാതാവ്, രോഗികളുടെ സുഖദായിക, സന്താനരഹിതരുടെ അവലംബം, ഗർഭിണികളുടെ സഹായം, മാതാക്കളുടെയും വിവാഹജീവിതക്കാരുടെയും മാതൃക, വിധവകളുടെ സംരക്ഷക, തൊഴിലാളികളുടെ രക്ഷാധികാരിണി, നന്മരണത്തിന്റെ മദ്ധ്യസ്ഥ എന്നിങ്ങനെയെല്ലാമാണ് അഭിസംബോധനം ചെയ്തിരുന്നത്.

കന്യകകളുടെ ആശ്രയം:— കന്യകകളുടെ രാജ്ഞിയും, അമലോത്ഭവയും ദൈവത്തിന്റെ ജനനിയുമായ പ. കന്യകമറിയത്തെ വളർത്തി പാലിച്ചുകൊണ്ടുപോരുന്നതിനുള്ള ഭാഗധേയം സിദ്ധിച്ച വി. അന്നാഅമ്മ കന്യകാജീവിതം അനുഷ്ഠിക്കുന്നവരെ പ്രത്യേകവിധം സ്നേഹിക്കുന്നു. നിത്യകന്യകയായ തന്റെ പുത്രിയെ അനുകരിക്കുന്ന ആ നിർമ്മലാത്മാക്കളെ ഈ അമ്മ സദാ കാത്തുപാലിക്കുന്നതുമാണ്. അതിനാൽ വിരക്തജീവിതം നയിക്കുന്ന ഏവരും വി. അന്നാഅമ്മയെ മനോവിശ്വാസത്തോടെ സമീപിച്ച്, മരണപര്യന്തം നിർമ്മലരായി ജീവിക്കുന്നതിനുവേണ്ട ദൈവവരം പ്രാപിച്ചുതരുന്നതിനായി അവളുടെ മാദ്ധ്യസ്ഥം അപേക്ഷിക്കട്ടെ.

ദുഃഖിതരുടെ ആശ്വാസം:— വി. അന്നാ അമ്മക്കും സ്വന്തം ജീവിതത്തിൽ സീമാതീതമായ പരീക്ഷക

ളും സങ്കടങ്ങളും നേരിടാതിരുന്നില്ല. ലോകസഹജമായ ഈ അരിഷ്ടതകളിൽനിന്നു വിശുദ്ധയും ഒഴിവാക്കപ്പെട്ടിരുന്നില്ല എന്നുള്ളതിനു അവളുടെ ജീവചരിത്രംതന്നെ സാക്ഷ്യം വഹിക്കുന്നു. വളരെ കഠിനമായിത്തന്നെ ദൈവം വിശുദ്ധയേയും പരീക്ഷിച്ചു. സന്താനഭാഗ്യകാര്യത്തിലായിരുന്നു ഏറ്റം ക്രൂരതലായി വി. അന്നാഅമ്മ പരീക്ഷിതയായതു്. വിവാഹിതരായ സ്ത്രീകൾ ദീർഘനാൾ സന്താനരഹിതരായിരിക്കുക എന്നതു അക്കാലത്തു ഏവരും അവമാനകരമായിട്ടാണു് കരുതിയിരുന്നതു എന്നോർക്കുമ്പോൾ മാത്രമേ നമ്മുടെ വിശുദ്ധ അനുഭവിച്ചിരുന്ന ദുഃഖം എത്രമാത്രമെന്നു നാം ശരിയായി ഗ്രഹിക്കുകയുള്ളു. എത്രനാളത്തെ പ്രതീക്ഷക്കുശേഷമാണു് ദൈവം അവൾക്കു തന്റെ പവിത്രയായ കുമാരിയെ നൽകിയതു്! ദീർഘകാലത്തേക്കു മാനസികദുഃഖം മാത്രമായിരുന്നു അവളുടെ അനുദിനാഭോജനം എന്നു സാർത്ഥകമായും പറയാം. അതിനാൽ ദുഃഖമനുഭവിക്കുന്നവർ ആശ്വാസത്തിനായി ഈ അമ്മയെ അഭയം പ്രാപിക്കട്ടെ.

അഗതികളുടെ മാതാവു്:- അഗതികളോടു വിശുദ്ധക്കുണ്ടായിരുന്ന അനുകമ്പ നിസ്സീമംതന്നെ ആയിരുന്നു. വി. യോഹന്നാൻ ദമശേൻതന്നെ ഇതിനു ഉദാഹരണവും ചൂണ്ടിക്കാണിക്കുന്നുണ്ടു്. വിശുദ്ധയും യോവാക്കിം ബാവായുംകൂടി അവരുടെ സമ്പത്തിൽ മൂന്നിൽ ഒരംശം അഗതികൾക്കു ദാനംചെയ്യുതായിട്ടാണു് ആ വിശുദ്ധൻ പ്രസ്താവിക്കുന്നതു്. അന്നെന്നതുപോലെ ഇന്നും അഗതികളുടെ ആശ്രയമാണു നമ്മുടെ വിശുദ്ധ. സ്വർഗ്ഗത്തിൽനിന്നും അത്ഭുതകരമായ വിധത്തിൽ വിശുദ്ധ ഇന്നും അഗതിസംരക്ഷണം തുടർന്നുകൊണ്ടു ഇരിക്കുന്നു. അഗതികളിൽ അഗതികളായ മർണാസന്നരെയും വിശുദ്ധ വിസ്മരിച്ചിട്ടില്ല. ഇവരാണു് ഏറ്റം ഉപരിയായി ഇന്നു ഈ അമ്മയുടെ സഹായം സ്വീകരിച്ചുകൊണ്ടിരിക്കുന്നതു്.

രോഗികളുടെ സുഖദായിക:- വി. അന്നാഅമ്മയു

ടെ മാദ്ധ്യസ്ഥത്താൽ രോഗശാന്തി ലഭിച്ചിട്ടുള്ളവർ കണ
ക്കില്ല. വിശുദ്ധയുടെ നാമധേയത്തിലുള്ള ദേവാലയങ്ങ
ളിൽ ഇവളുടെ തിരുസ്വരൂപത്തിനു ചുറ്റും അട്ടിഅട്ടിയാ
യി കൂടികിടക്കുന്ന രോഗികളുടെ ശയ്യോപകരണങ്ങൾ
മുതലായവതന്നെ ഇതിനു മകുടോദാഹരണമാണ്. അടു
ത്തകാലത്തുതന്നെ നടന്ന രണ്ടു സംഭവങ്ങൾ ഇവിടെ
വിവരിക്കാം.

1) അമേരിക്കൻ ഐക്യനാടുകളിലെ (Newark) ന്യൂ
വാർക്കുകാരിയായ മിസ് കേർബി എന്ന കന്യകയുടെ കൃ
ളിക്ക 1917ൽ ഒരു രോഗം ആരംഭിച്ചു. അസഹനീയമായ
വേദന അതുമൂലം അവൾ സഹിച്ചുപോന്നു. ആറാഴ്ചകാല
ത്തേക്ക കാൽ അനക്കുകപോലും ചെയ്യരുതെന്നു ഡോ
ക്ടർ നിഷ്കർഷിച്ചു. പറേറർസനിൽ ഉള്ള വി. യൗസേപ്പി
ൻെറ ആസ്പത്രിയിൽവച്ച് മൂന്നുപ്രാവശ്യം എക്സറേ പ്ര
യോഗം നടത്തി, അവളുടെ കാൽപാദത്തിൽ ഒരു കെട്ടും
കെട്ടിയിരുന്നു. ഈ കെട്ടുമൂലം വളരെ വേദന സഹി
ക്കേണ്ടിവന്നു. എന്നുമാത്രമല്ല പാദത്തിൽ പല വ്രണങ്ങ
ൾക്കും അതു് ഇടയാക്കുകയുംചെയ്തു. ഇതെല്ലാം സഹിച്ചി
ട്ടും രോഗത്തിനു ഒരു ശാന്തിയും കാണാഞ്ഞതിനാൽ ഭി
ഷഗ്വരവിദഗ്ദ്ധന്മാരായ മററു പലരേയും ആശ്രയിച്ചു
നോക്കി. എട്ടുപ്രാവശ്യംകൂടി ഇതിനിടയിൽ എക്സറേ
പ്രയോഗവും നടത്തുകയുണ്ടായി. ഒന്നുകൊണ്ടും ഒരു ഫ
ലവും സിദ്ധിച്ചില്ല. രോഗത്തേപ്പററി അന്നു പലരുംപല
അഭിപ്രായമാണ് പ്രകടിപ്പിച്ചിരുന്നതു്.

ഈ മഹാരോഗിണിക്ക 1920—ൽ പൂർണ്ണസുഖപ്രാ
പ്തി ഉണ്ടായി. മററാരുമല്ല അവൾതന്നെ ഏതത്സംബ
ന്ധം പ്രസ്താവിച്ചിട്ടുള്ളതിങ്ങനെയാണ്:— വി. അന്നാ
അമ്മയുടെ നേരെയുള്ള ഭക്തിയേപ്പററി വളരെ എല്ലാം
ഞാൻ കേട്ടിട്ടുണ്ടായിരുന്നു. ഞാൻ പഠിച്ചിരുന്ന സ്കൂളിനു
അടുത്തുള്ള വി. യൗസേപ്പിൻെറ കന്യകാലയത്തിലെ സ
ഹോദരിമാർ വി. അന്നാഅമ്മയുടെ തിരുശേഷിപ്പിനെപ്പ

ററിയും എന്നോടുപറഞ്ഞിട്ടുണ്ട്. ഇതോടുകൂടി വിശുദ്ധയിൽ എനിക്കു വലിയ വിശ്വാസവും ശരണവും ജനിച്ചു. എന്നെ ഒരു പുതിയ ഡോക്ടരുടെ പക്കലേയ്ക്കു കൊണ്ടുപോകുവാൻ എന്റെ മാതാവു് ഉദ്യമിക്കയിൽ വിശുദ്ധയുടെ തിരുശേഷിപ്പിരിക്കുന്ന ദേവാലയത്തിൽ എന്നെ കൊണ്ടുപോകണമെന്നു ഞാനാവശ്യപ്പെട്ടു. അവിടെ ചെന്നു തിരുശേഷിപ്പു കാലിൽ സ്പർശിച്ചു ഒരുമണിക്കൂർ കഴിഞ്ഞപ്പോൾ രോഗത്തിനു് പൂർണ്ണശമനം സിദ്ധിച്ചു. ഉടനെതന്നെ വിശുദ്ധയുടെ ഒരു സ്വരൂപം ഞാൻ വിലയ്ക്കു വാങ്ങിച്ചു. അവളുടെ ബഹുമാനാർത്ഥം ഒരു പൂജയും ചൊല്ലിച്ചു. കുറേനാളത്തേയ്ക്കു് ഞായറാഴ്ചതോറും തുടർച്ചയായി ആ ദേവാലയത്തിൽ പൊയ്ക്കൊള്ളാമെന്നും, വിശുദ്ധയുടെ നേരെയുള്ള ഭക്തി പ്രചരിപ്പിക്കുന്നതിനു് യഥാശക്തി ശ്രമിക്കുന്നതാണെന്നും, എനിക്കു നൽകിയ ഈ മഹാ അനുഗ്രഹത്തിനുള്ള കൃതജ്ഞതാസൂചകമായി ആഴ്ചയിൽ ഒരു മണിക്കൂർ അവിടെ ദിവ്യകാരുണ്യസന്നിധിയിൽ കഴിച്ചുകൂട്ടുന്നതാണെന്നും ഞാൻ വാഗ്ദാനംചെയ്തു. ദൈവത്തിനും വി. അന്നാഅമ്മയ്ക്കും സ്തുതിയുണ്ടായിരിക്കട്ടെ.

2) 1922 ജൂലൈ മാസത്തിൽ ബ്യൂപ്പർ ദേവാലയം സന്ദർശിച്ച ന്യൂയോർക്കിലെ റോച്ചെസ്റ്റർകാരനായ ഒരാൾ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു:—

വി. അന്നാഅമ്മയുടെ ദേവാലയത്തിലേയ്ക്കു ഒരു തീർത്ഥയാത്രപോയശേഷം ഞങ്ങൾ മടങ്ങി എത്തിയതേയുള്ളു. അവിടെ തിരുനാളിനുമുമ്പ് അഞ്ചു ദിവസം ഞങ്ങൾ കഴിച്ചുകൂട്ടി, ഒട്ടേറെ രോഗികൾക്കു സുഖപ്രാപ്തി ഉണ്ടായതുംകണ്ടു. ഇക്കൊല്ലം പതിവിൽ വളരെ അധികം രോഗികൾക്കു സുഖം ലഭിച്ചുതായി വൈദികർ പറയുന്നു. നവനാൾ സംബന്ധിച്ചും തിരുനാൾ സംബന്ധിച്ചും ഉള്ള ചടങ്ങുകൾ വളരെ ഹൃദയാവർജ്ജകംതന്നെയായിരുന്നു. അവിടെ ഞങ്ങളുടെ അപേക്ഷകൾ എല്ലാം സാധിച്ചുതന്നില്ലായെങ്കിലും, ഞങ്ങളുടെ വിശ്വാസം സുദ

ഢമാവുകതന്നെ ചെയ്തു. മുടന്തുണ്ടായിരുന്ന ഒരു ചെറുബാലികയുടെ മുടന്തു് നിശ്ശേഷം നീങ്ങി. അവളുടെ ഒരു കാലിനു് മറ്റേ കാലിനേക്കാൾ നീളം കുറെ കുറവായിരുന്നു. അവളുടെ ആ ന്യൂനത ഒരുവിധത്തിലും പരിഹരണീയമല്ലെന്നു പല വൈദ്യവിദഗ്ദ്ധന്മാരും അഭിപ്രായപ്പെട്ടിരുന്നതാണെന്നു, കൂടെ ഉണ്ടായിരുന്ന അവളുടെ പിതാവുതന്നെ പറയുകയുണ്ടായി. അവളുടെ നീളം കുറഞ്ഞ കാലിനുപയോഗിച്ചിരുന്ന ഷൂസിന്റെ അടിത്തട്ടിനു രണ്ടിഞ്ചു് ഘനവും മുരടിനു മൂന്നിഞ്ചു ഘനവും ഉണ്ടായിരുന്നു. അവളുടെ കാലിന്റെ ന്യൂനത നിശ്ശേഷം നീങ്ങി ചെരിപ്പുകൾ ദേവാലയത്തിൽതന്നെ നിക്ഷേപിച്ചശേഷം 'സ്റ്റോക്കിംഗ്സ്' മാത്രം ധരിച്ചുകൊണ്ടാണു് ആ ബാലിക ദേവാലയത്തിൽനിന്നും അവൾ താമസിച്ചിരുന്ന ഹോസ്റ്റലിലേയ്ക്കു് മടങ്ങിയതു്. ഈ സുഖപ്രാപ്തിക്കശേഷം അധികദിവസങ്ങൾ കഴിയുന്നതിനുമുമ്പു് അവൾ ഒരു കന്യകാശ്രമത്തിൽ അംഗമായി ചേരുകയും ചെയ്തു.

സന്താനരഹിതരുടെ ആലംബം:— ഏതാണ്ടു വാർദ്ധക്യത്തിൽതന്നെ എത്തിയപ്പോൾ മാത്രമാണു് സന്താനലാഭത്തിനുള്ള വരം വിശുദ്ധക്കു ലഭ്യമായതു. ഇതിനെ അനുസ്മരിച്ചു വന്ധ്യമാരായ സ്ത്രീജനങ്ങൾ ഈ വിശുദ്ധയുടെ മാദ്ധ്യസ്ഥം തേടുന്നു. സന്താനസമ്പത്തിന്റെ അഭാവത്തിലുള്ള സങ്കടത്തിനു ഒരു അനുഭവസാക്ഷിതന്നെയായ വിശുദ്ധ അന്നാഅമ്മ സസന്തോഷം ഇവർക്കായി ദൈവത്തിൻപക്കൽ മാദ്ധ്യസ്ഥം അപേക്ഷിച്ചുകൊണ്ടു് ദൈവതിരുമനസ്സനുസരിച്ചു അവരുടെ അഭിലാഷപൂർത്തിക്കുള്ള വരം പ്രാപിച്ചു നൽകികൊണ്ടു് ദാമ്പത്യൈക്യത്തിന്റെ സന്തോഷം പൂർത്തിയാക്കികൊടുക്കുന്നു.

ഗർഭിണികളുടെ സഹായം:— സന്താനരഹിതരുടെ പ്രത്യേകസഹായമായ വിശുദ്ധ, ഗർഭിണികളെയും പ്രത്യേകം സഹായിക്കുന്നതിൽ അത്ഭുതപ്പെടുവാനില്ലല്ലോ. തന്റെ മാദ്ധ്യസ്ഥം ഹേതുവാൽ സന്താനരഹിതർ

മാതൃവരം പ്രാപിച്ചുകൊടുക്കുന്നതുപോലെതന്നെ ഗർഭിണികളാകുന്നവരുടെ ഉദരഫലത്തിനു ജ്ഞാനസ്നാനം ലഭിക്കുന്നതിനും നമ്മുടെ വിശുദ്ധ സഹായിക്കുന്നു. സുഖപ്രസവത്തിനുള്ള വരവും വിശുദ്ധ തൻെറ ഭക്തർക്കു നൽകുന്നു:

മാതാക്കളുടെയും വിവാഹിതരുടെയും മാതൃക:— വി. അന്നാഅമ്മ സകല ക്രിസ്തീയ വനിതകൾക്കും ഉത്തമമാതൃകയാണു്. വി. യോവാക്കിമിൻെറ ഭാര്യയും കന്യകമറിയത്തിൻെറ മാതാവും എന്ന നിലയിൽ ലോകത്തിൽ വച്ചുതന്നെ വി. അന്നാഅമ്മ ഈ മാതൃകാസ്ഥാനത്തു പരിലസിച്ചിരുന്നതാണു്. വിശുദ്ധയുടെ വിളിയും ഇതിനായിരുന്നു എന്നു പറയേണ്ടിയിരിക്കുന്നു. വിവാഹജീവിതത്തിൻെറ സകല ഭാരങ്ങളും അതിനെ ദുർഭരമാക്കുന്ന സകല അസ്വാരസ്യങ്ങളും വഹിക്കുകയും സഹിക്കുകയും ചെയ്ത ഈ വിശുദ്ധ ക്രിസ്തീയ വനിതകളുടെ ഒരു സമുചിത സംരക്ഷകയാകുവാൻ സർവ്വഥാ അർഹതന്നെയാണു്. വിശുദ്ധയെ പ്രത്യേകം വണങ്ങുന്ന കുടുംബങ്ങളിലെല്ലാം അവൾ സ്നേഹംനിറഞ്ഞ ഒരു സംരക്ഷകയായി ഏവർക്കും അനുഭവപ്പെടുന്നു. ഈ വിശുദ്ധയോടുള്ള ഭക്തി ഒരിക്കലും വിഫലമായി പോയിട്ടുമില്ല. സ്ത്രീകൾക്കു, വിശിഷ്യ വഴിപിഴച്ചുപോയിരിക്കുന്ന ഈ ആധുനികകാലത്തു്, വിവാഹത്തിൻെറ ഉന്നതാദർശങ്ങളെ മനസ്സിലാക്കികൊടുത്തുകൊണ്ടു് വിശുദ്ധ അവരെ നേർവഴിയിൽ നയിക്കുന്നു. മനുഷ്യവംശത്തിൻെറ നിലനില്പിനായി ദൈവം ഏർപ്പെടുത്തിയിട്ടുള്ളതാണ് വിവാഹം. മനുഷ്യവംശത്തിൻെറ അധഃപതനത്തോടുകൂടി വിവാഹജീവിതം വിശിഷ്യ സ്ത്രീകളെ സംബന്ധിച്ചിടത്തോളം പ്രായശ്ചിത്തത്തിൻെറയും സഹനത്തിൻെറയും വിധേയത്വത്തിൻെറയും ഒരു ജീവിതമായി പരിണമിച്ചു. കുട്ടികൾ, മാതാപിതാക്കൾക്കു പ്രത്യേകിച്ചും മാതാക്കൾക്കു പലപ്പോഴും അസഹ്യകാരണമായിത്തീരാമെന്നിരുന്നാലും അവരുടെ സാന്നിധ്യം ഒരു

അനുഗ്രഹമായി കരുതേണ്ടതാണ്. "സന്താനഭാഗ്യത്തിനുള്ള വരം ദൈവത്തിന്റെ ഒരു ദാനവും തന്റെ പൈതൃകാനുഗ്രഹത്തിനുള്ള ഒരു വാഗ്ദാനവുമാണ്" ഹാ! വിവാഹത്തിന്റെ ഉന്നതവും പരിശുദ്ധവുമായ ഉദ്ദേശ്യം കണ്ടാലും അധഃപതിച്ചുപോയ മാലാകാമാരുടെ സ്ഥാനം എന്നേയ്ക്കുമായി കരസ്ഥമാക്കാനുള്ള ദൈവത്തിന്റെ സുതരും സ്വർഗ്ഗത്തിന്നവകാശികളുമായ കുട്ടികളെ, ജനിപ്പിക്കുവാൻ വേണ്ടി വിവാഹം ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തീയമാതാക്കളിലത്രെ സഭയുടെ സർവ്വശരണവും നിക്ഷിപ്തമായിരിക്കുന്നതു്. അവരുടെ സന്താനങ്ങളാണ് സന്യാസഭവനങ്ങളെയും ബലിപീഠങ്ങളെയും അലങ്കരിക്കേണ്ടതു്.

വിധവകളുടെ സംരക്ഷക:— ഒരു ക്രിസ്തീയ വിധവയുടെ സ്ഥിതി ദുഃഖസംപൂർണ്ണമായ ഒന്നുതന്നെ. ഭർത്തൃരഹിതയായി, കുഞ്ഞുങ്ങൾക്കും കുടുംബത്തിനുമുള്ള താങ്ങും തണലും നശിച്ച് ഏകാകിയായി അവൾ നിലകൊള്ളുന്നു. ദാരിദ്ര്യദുഃഖത്തിനുംകൂടി ഇരയാകുന്നു എങ്കിൽ അവളുടെ സ്ഥിതി തികച്ചും പരിതാപകരംതന്നെ. അഗതികളെയും അനാഥരേയുമെന്നതുപോലെ വിധവകളെയും അനുകമ്പാപൂർവ്വം വീക്ഷിക്കണമെന്നും നമ്മുടെ കാരുണ്യത്തിന് പാത്രമാകണമെന്നും വി. ഗ്രന്ഥങ്ങൾ പ്രത്യേകം അനുശാസിക്കുന്നതിനുള്ള കാരണവും ഇതല്ലാതെ മറ്റൊന്നുമല്ല. അശരണരായ ഇക്കൂട്ടരെ അവരുടെ സകല ആപത്തുകളിലും പരീക്ഷകളിലും എന്നുവേണ്ട ആത്മീകമായും ലൗകികമായും ഉള്ള എല്ലാ ആവശ്യങ്ങളിലും വിധവകളുടെ മാദ്ധ്യസ്ഥയായ വി. അന്നാ അമ്മ പ്രത്യേകവിധത്താൽ സംരക്ഷിക്കുന്നതാണ്. വിശുദ്ധയുടെ ഈ പ്രത്യേകസംരക്ഷണം ഹേതുവാൽ ക്രിസ്തീയവിധവകൾ വി. അന്നാ അമ്മയുടെ പക്കൽ അഭയം തേടുവാൻ സ്വയം പ്രേരിപ്പിക്കപ്പെട്ടുപോകുന്നു.

തൊഴിലാളികളുടെ രക്ഷാധികാരിണി:— ലോക

ത്തിലെ തൊഴിലാളികളിൽ വിവിധ വിഭാഗക്കാർ വിശു ദ്ധ അന്നാ അമ്മയെ തങ്ങളുടെ രക്ഷാധികാരണിയായി അംഗീകരിക്കുന്നുണ്ട്. കപ്പൽയാത്രക്കാർ ഈ വിശുദ്ധയു ടെ മാദ്ധ്യസ്ഥം പ്രത്യേകം തേടാറുണ്ട്. ക്രൈസ്തവരായ ശില്പികൾ വി. അന്നാ അമ്മയെ തങ്ങളുടെ പ്രത്യേകമ ദ്ധ്യസ്ഥയായി തെരഞ്ഞെടുത്തിരിക്കുന്നു. പ. ക. മറിയത്തി ൻെറ ശൈശവത്തിൽ വി. അന്നാ അമ്മ സ്വപുത്രിയെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നതായ ഒരു ചിത്രമാണ അവരു ടെ ചിഹ്നം. ഈ ചിഹ്നത്തിൻെറ അടിയിൽ ഇങ്ങനെ ഉല്ലേഖനം ചെയ്യപ്പെട്ടിരിക്കും. "ദൈവത്തിൻെറ കൂടാ രത്തെ അവൾ ഇങ്ങനെ പഠിപ്പിച്ചിരുന്നു." ക്രൈസ്തവ ശില്പികളെല്ലാംതന്നെ തങ്ങളുടെ കലാപ്രകടനവൈദ ഗ്ദ്ധ്യത്തിൻെറ മാനദണ്ഡം നിശ്ചയിക്കുന്നതു് ദൈവ ത്തിൻെറ ആലയമായ കൂടാരം ചിത്രീകരിക്കുന്ന വിഷയ ത്തിലാണെന്നു പറയാം.

നന്മരണത്തിൻെറ മദ്ധ്യസ്ഥ:— വി. അന്നാ അമ്മ തൻെറ ഭക്തർക്ക് നന്മരണം പ്രാപിക്കുന്നതിനുള്ള മഹാ ഭാഗ്യം കൈവരുത്തുന്നു. പ. ക. മറിയംതന്നെ ഈ വസ്തു ത വെളിപ്പെടുത്തിയിട്ടുണ്ട്. വിശുദ്ധയുടെ മരണം അദ്ഭു തപൂർവ്വമായ സാഹചര്യങ്ങളോടുകൂടിയതായിരുന്നു. അ ന്ത്യവേളയിൽ മരണശയ്യക്ക് സമീപം പ. ക. മറിയവും രക്ഷകനായ മിശിഹായും സന്നിഹിതരായിരുന്നു. അവരു ടെ സാന്നിദ്ധ്യസുഖം അനുഭവിച്ചും ആസ്വദിച്ചും വിശു ദ്ധ ഈലോകവാസം വെടിഞ്ഞു.

തൻെറ ഭക്തരെ വിശുദ്ധ നന്മരണത്തിനായി പ്ര ത്യേകവിധം സഹായിക്കുന്നു എന്നതിലേക്ക് കുറെ കൊല്ല ങ്ങൾക്ക് മുമ്പ് തനിക്കുതന്നെ അനുഭവപ്പെട്ടതായി ഒരു വന്ദ്യവൈദികൻ രേഖപ്പെടുത്തിയിരിക്കുന്ന ഒരു അത്ഭു തസംഭവം ഇവിടെ പ്രസ്താവ്യമാണ്. അദ്ദേഹം എഴുതു ന്നതായതു്:— "അന്നു ഞാൻ. . . ഇടവകയിലെ സഹാ യവികാരിയായിരുന്നു. ഒരു ദിവസം അർദ്ധരാത്രിയിൽ മ

ണിയടിക്കുന്ന ശബ്ദംകേട്ടു ഞാൻ ഞെട്ടി ഉണർന്നു. എനിക്ക് അപരിചിതയും, എന്നാൽ കുലീനയുമായ ഒരു മാന്യസ്ത്രീയെയാണ് വാതൽ തുറന്നുനോക്കിയപ്പോൾ ഞാൻ കണ്ടത്. 'അച്ചാ, ഇതാ ആ മലമുകളിലുള്ള ഒരു ഭവനത്തിലെ ഒരു പരിചാരിക ആസന്നമരണയായിരിക്കുന്നു. അവൾ ഈ രാത്രി കഴിഞ്ഞുപോവുകയില്ല. അവൾക്കു അന്ത്യകൂദാശകൾ കൊടുക്കാനായി ദിവ്യകാരുണ്യവും എടുത്തുകൊണ്ടു അച്ചൻ തൽക്ഷണംപുറപ്പെടണം. കപ്യാർ ഇതാ അങ്ങയെ പ്രതീക്ഷിച്ചുകൊണ്ടു ദേവാലയത്തിൽ നില്ക്കുന്നു' എന്ന് ആ മഹതി എന്നെ അറിയിച്ചു.

കപ്യാരെ വിളിച്ചുണർത്തിയതും ഈ സ്ത്രീതന്നെയായിരുന്നു. ദിവ്യകാരുണ്യവും വഹിച്ചുകൊണ്ടു കപ്യാരുമൊരുമിച്ചു അപ്പോൾതന്നെ സ്ത്രീ നിർദ്ദേശിച്ച വസതിയിലേക്കു ഞങ്ങൾ തിരിച്ചു. ഒരു മണിക്കൂർകൊണ്ടു അവിടെ എത്തി. പക്ഷെ അത്ഭുതമേ! ഞങ്ങൾ അവിടെ ചെന്നപ്പോൾ ഗൃഹത്തിൻെറ വാതായനങ്ങളെല്ലാം അടച്ചുപൂട്ടി കിടക്കുന്നു. അവിടെ എങ്ങും ഒരു ദീപംപോലും കാണ്മാനും ഉണ്ടായിരുന്നില്ല. യാതൊരു ശബ്ദവും കേൾപ്പാനും ഇല്ലായിരുന്നു. ഞങ്ങൾ വാതിലിൽ മുട്ടിയപ്പോൾ അകത്തുണ്ടായിരുന്നവർ നിദ്രയിൽനിന്നും ഉണർന്നു വാതിൽ തുറന്നു. പക്ഷെ, ആ വീട്ടിൽ ഒരാൾക്കു അന്ത്യകൂദാശകൾ നൽകാനായിട്ടാണ് ഞങ്ങൾ ആ അർദ്ധരാത്രിസമയം അവിടെ ചെന്നതെന്ന് കേട്ടപ്പോൾ അവർ എവരും അത്ഭുതപ്പെട്ടുപോയി. എന്തെന്നാൽ അവിടെ ആർക്കെങ്കിലും എന്തെങ്കിലും ഒരു സുഖക്കേടുപോലും ഇല്ലെന്നു അവർ ഖണ്ഡിച്ചുപറഞ്ഞു. ഇതിങ്കൽ ആരോ കളിപ്പിക്കാൻവേണ്ടി ചെയ്ത ഒരു വിക്രിയയായിരിക്കാം ഇത് എന്നു കരുതി ഞങ്ങൾ മടങ്ങുവാൻ തീർച്ചപ്പെടുത്തി. എന്നാൽ ദിവ്യകാരുണ്യവുമായി ആ അസമയത്തു് ഞാൻ മടങ്ങുവാനിടയാകുന്നതല്ലാ എന്നുകണ്ടു് ദുഃഖിതയായിത്തീർന്ന അവിടത്തെ പരിചാരികമാരിൽ ഒരാൾ ഞാൻ അനുവദിക്കുന്ന

പക്ഷം അപ്പോൾതന്നെ കമ്പസാരം കഴിച്ചു ദിവ്യകാരുണ്യം സ്വീകരിക്കാൻ തയ്യാറാണെന്നു എന്നെ അറിയിക്കയുണ്ടായി. അവളുടെ അപേക്ഷക്ക ഞാനും സമ്മതിച്ചു. ഉടനെ അവൾ പാപസങ്കീർത്തനത്തിനു തയ്യാറായി പാപം ഏററുപറഞ്ഞുകൊണ്ടിരിക്കുകയിൽ ഏതോ ഒരു ചില്ലറ അസ്വാസ്ഥ്യം അവൾക്കുണ്ടായി. എങ്കിലും അവൾ യഥാവിധി പാപസങ്കീർത്തനം നടത്തി. ദിവ്യകാരുണ്യവും സ്വീകരിച്ചു. പക്ഷെ, അവൾക്കു ആദ്യം അനുഭവപ്പെട്ട ആ അസ്വാസ്ഥ്യം അടിക്കടി വർദ്ധിക്കുകയാണു ചെയ്തതു്. ഒടുവിൽ, അവളെ ശയ്യയിലേക്കു എടുത്തുകൊണ്ടുപോകേണ്ടതായിവന്നു. അവളുടെ അന്ത്യം സമീപിച്ചുകഴിഞ്ഞു. മരണം അത്യാസന്നമായി. അന്ത്യകർമ്മങ്ങളെല്ലാം ഞാൻ ധൃതിയിൽതന്നെ നടത്തി. കർമ്മങ്ങൾ അവസാനിച്ചതോടെ അവളുടെ ആത്മാവു ശരീരത്തിൽനിന്നു വേർപിരിയുകയുംചെയ്തു.

"ഈ മരിച്ച സ്ത്രീയുടെ മുറിയിൽ പല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും ചിത്രങ്ങൾ ഉണ്ടായിരുന്നു. എങ്കിലും ഏററം കൂടുതലായി അലങ്കരിച്ചു പ്രധാനസ്ഥാനം നൽകിയിരുന്നതു് വി. അന്നാ അമ്മയുടെ ഒരു പടത്തിനായിരുന്നു. ഞാൻ വിസ്മയഭരിതനായി അതു നോക്കിക്കൊണ്ടു നില്ക്കയിൽ 'അച്ചാ! അവൾ വി. അന്നാ അമ്മയുടെ ഒരു പ്രത്യേക ഭക്തയായിരുന്നു. മാത്രമല്ലഎല്ലാ ചൊവ്വാഴ്ചയും വിശുദ്ധയെപ്രതി അവൾ പാൽ വർജ്ജിച്ചുപോരുകയും ചെയ്തിരുന്നു' എന്നെല്ലാം ആ വീട്ടുകാർ എന്നോടു പറഞ്ഞു. നിശാവേളയിൽ എന്നെയും കപ്യാരെയും വിളിച്ചുണർത്തിയതു ആ വി. അന്നാഅമ്മതന്നെയല്ലാതെ മററാരുമല്ലെന്നു ഞാൻ അവരെ ധരിപ്പിച്ചു. ഇതിൽ എനിക്കു നല്ല ഉറപ്പു്. തന്റെ ആശ്രിതക്കുവേണ്ടി നടത്തിയ ഒരത്ഭുതമായിരുന്നു അതു്. അല്ലായിരുന്നു എങ്കിൽ ആ സാധുസ്ത്രീക്കു നിശ്ചയമായും അന്നു അ

ന്മൃക്കുദാശകൾ ലഭിക്കുവാൻ ഉള്ള ഭാഗ്യം സിദ്ധിക്കുമായിരുന്നില്ല എന്നു ഞാൻ വിശ്വസിക്കുന്നു."

നമ്മുടെ നിത്യരക്ഷക്കാവശ്യമായ ഒരു നൽമരണം ലഭിക്കുവാനിടയാകുന്നതിനുവേണ്ടി ഈ വിശുദ്ധയോടുള്ള ഭക്തിയിലേക്കു നമ്മെ ആകർഷിക്കുന്നതിനു ഈ സംഭവം ഒരു പ്രേരകമായി ഭവിക്കട്ടെ.

## 10. ചൊവ്വാഴ്ചദിവസം

## വി. അന്നാഅമ്മയുടെ ദിനം.

ചൊവ്വാഴ്ചദിവസം വിശുദ്ധ അന്നാ അമ്മയുടെ ഭക്തിക്കായി പ്രത്യേകം നിയോഗിച്ചുകൊണ്ട് പ്രാർത്ഥിക്കുന്നവർക്ക് നിരവധി നന്മകൾ ആത്മീയമായും ലൗകികമായും സിദ്ധിക്കുന്നതാണ്. ഈ ചൊവ്വാഴ്ചഭക്തിയെ സംബന്ധിച്ച പ. ക. മറിയംതന്നെ പലപ്പോഴും പല വിശുദ്ധന്മാരോടും അറിയിച്ചിട്ടുണ്ട്. ഇതേപ്പററി ഒരു പാരമ്പര്യവർത്തമാനം ഉണ്ട്. അതായതു, വിശുദ്ധ അന്നാഅമ്മ ആസന്നമരണയായി കിടക്കുകയിൽ കർത്താവു അവിടെ സന്നിഹിതനായി വിശുദ്ധയോടു ഇങ്ങനെ അരുളിച്ചെയ്തു:— "എന്റെ വാത്സല്യമാതാമഹി! നീ അനുഗ്രഹീതയാകുന്നു. നിന്നെ വണങ്ങുന്നവർക്കെല്ലാം ആത്മീയവും ശാരീരികവും ആയ അനുഗ്രഹങ്ങൾ ധാരാളമായി സിദ്ധിക്കും. അവരുടെ ആവശ്യങ്ങളിൽനിന്നെ വിളിച്ചു അവർ അപേക്ഷിക്കുന്നവക്കും നിന്റെ നാമത്തെപ്രതി അവരെ ഞാൻ ശ്രവിക്കും. നീ ഒരു ചൊവ്വാഴ്ചദിവസം മരിക്കുന്നതിനാൽ ഈദിവസം നിന്റെ സ്തുതിക്കായി ഞാൻ നിയോഗിക്കുന്നു. ഈ ദിവസത്തിൽ നിന്നെവണങ്ങുന്നവരുടെ എല്ലാ അപേക്ഷകളും ഞാൻ സാധിച്ചുകൊടുക്കുന്നതാണ്."

ചൊവ്വാഴ്ചതോറും വിശുദ്ധയെപ്രതി പലേ സുകൃതങ്ങളും നടത്താം, അനുദിവ്യകാരുണ്യം സ്വീകരിച്ചും ദി

വ്യവൃജ കണ്ടും വി. അന്നാ അമ്മസ്സ് ദൈവം പ്രത്യേക അധികാരങ്ങൾ നൽകിയതിലുള്ള കൃതജ്ഞതാപ്രകടനാത്ഥം സമപ്പിക്കുന്നപക്ഷം അതു വിശുദ്ധയ്ക്കു വളരെ പ്രസാദിക്കുന്നതാണ് വിശുദ്ധന്മാക്ക് ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങളേപ്രതി വിശ്വാസികൾ ദൈവത്തോട്ടു കൃതജ്ഞത പ്രകടിപ്പിക്കുമ്പോൾ ആ വിശുദ്ധന്മാക്കുള്ള സന്തോഷം സീമാതീതമാണ് എന്നു വി. ജർത്രൂദ് ഒരു ദിവ്യദശ്നംമൂലം ഗ്രഹിച്ചുകൊണ്ടു സാക്ഷിപ്പെടുത്തിയിരിക്കുന്നു. ഇങ്ങനെ പ്രവത്തിക്കുന്നവർ ഏതു വിശുദ്ധൻറപേക്ക് കൃതജ്ഞത പ്രകടിപ്പിക്കുന്നുവോ ആ വിശുദ്ധൻറ യോഗ്യതകളാൽ പ്രശോഭിതരാകുമെന്നു പ്രസ്തുത വി. ജർത്രൂദിനുതന്നെ അറിയിക്കപ്പെട്ടിട്ടുണ്ട്.

വിശുദ്ധയെ പ്രസാദിപ്പിക്കുന്നതിനുള്ള സഫലമായ മറെറാരു മാഗ്ഗം അഗതികളെ സഹായിക്കുന്നതാണ്. അവൾ അഗതികളുടെ കായ്യത്തിൽ വളരെ ഔദാര്യമായിട്ടാണ് വത്തിച്ചിരുന്നതു്. ഏതൻമൂലം, ചൊവ്വാഴ്ചദിവസങ്ങളിൽ തന്നെപ്രതി അഗതികൾക്ക് ദാനം നൽകുന്നതു് വിശുദ്ധക്കു വളരെ സന്തോഷമുള്ള ഒരു കായ്യമായിരിക്കും. പ. കന്യകമറിയം 9 മാസം വിശുദ്ധയുടെ ഉദരത്തിൽ ഇരുന്നതിനെ അനുസ്മരിച്ചു 9 നന്മനിറഞ്ഞമറിയം ചൊല്ലുന്നതു വേറൊരു ഭക്തമുറയാണ്. ജൂലൈ 26—ാംനു-യാണ് വിശുദ്ധയുടെ തിരുനാൾ. ഇതു് വിശുദ്ധയുടെ ഭക്തർ നവനാൾ ദിനങ്ങളും മററും നടത്തി പ്രത്യേകം ആഘോഷിക്കേണ്ടതാണ്. ഈ ചെറുകൃതി ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിച്ചുകൊണ്ടും വിശുദ്ധയുടെ നേക്കുള്ള ഭക്തിക്കു പ്രചാരപ്രചുരിമ വരുത്തുവാൻ നമുക്കു കഴിയും. ഇതു്, നമ്മുടെ വിശുദ്ധ അത്യന്തപക്ഷത്തോടെ വീക്ഷിക്കുന്ന ഒരു സുകൃതവുമായിരിക്കും.

വി. അന്നാ അമ്മേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.

# വി. അന്നാഅമ്മയോടുള്ള വിവിധ പ്രാൎത്ഥനകൾ.

## 1. നവനാൾ ജപങ്ങൾ

1. ദൈവമാതാവിൻെറ അമ്മയാകുവാൻ യോഗ്യയായ വി. അന്നാ അമ്മെ, നിൻെറ പ്രാൎത്ഥനകളോടുകൂടെ നീ ചെയ്ത കഠിന തപസ്സുകളെക്കുറിച്ചു് ഞങ്ങളുടെ പ്രാൎത്ഥനകൾ ദൈവതിരുസന്നിധിയിൽ സമ്മാനത്തിനു് അൎഹമാകുവാൻ തക്കവണ്ണം അവയെ തപസ്സിൻെറ അരൂപിയോടുകൂടെ ചെയ്വാൻ ദൈവത്തോടു അപേക്ഷിച്ചു ഞങ്ങൾക്കു നീ കൃപ തരുവിക്കേണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

ഭാഗ്യവതിയായ അന്നാ അമ്മെ, നിനക്കു സ്വസ്തി. കൎത്താവു നിന്നോടുകൂടെ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ നീ നിൻെറ വയററിൽ ഫലമായ മറിയം വാഴ്ത്തപ്പെട്ടവളാകുന്നു.

വിശുദ്ധ അന്നാ അമ്മെ, ദൈവജനനിയുടെ മാതാവെ, പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും മരണസമയത്തും തമ്പുരാനോടു അപേക്ഷിച്ചുകൊള്ളണമെ.

2. വി. അന്നാ അമ്മെ, നിൻെറ ശുദ്ധമുള്ള അനുഗ്രഹങ്ങൾ നിറവേറുമെന്നു് നീ ഉറപ്പായി വിശ്വസിച്ചുവല്ലൊ. നിൻെറ ആ ദൈവികവിശ്വാസത്തെക്കുറിച്ചു് ദൈവാനുഗ്രഹങ്ങളെ കൈക്കൊള്ളുന്നതിനു് ഞങ്ങളെ യോഗ്യരാക്കുന്ന ഉറപ്പും ഉയിരുള്ള വിശ്വാസവും ദൈവത്തോടു അപേക്ഷിച്ചു് ഞങ്ങൾക്കു് നീ തരുവിക്കണമെന്നു് നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

ഭാഗ്യവതിയായ അന്നാ അമ്മെ..

3. ദൈവസ്നേഹത്താൽ പൂരിക്കപ്പെട്ടവളായ വി. അന്നാ അമ്മെ, നിൻെറ ദിവ്യ പുത്രിയെ ഉണ്ണിപ്രായത്തിൽ തന്നെ ദേവാലയത്തിൽ കൂട്ടിക്കൊണ്ടുചെന്നു്

ദൈവശുശ്രൂഷക്ക് കല്പിച്ചതിനാൽ നീ ചെയ്ത മഹാ പൂജയെക്കുറിച്ച് ഞങ്ങളും ഞങ്ങൾക്കുള്ളതെല്ലാം ദൈവത്തിന്റെ കാൎയ്യവെപ്പാനും അതുമൂലം ദൈവനന്മകളെ പ്രാപിപ്പാൻ യോഗ്യരാകുന്നതിനും വേണ്ട മനോധൈൎയ്യം ദൈവത്തോടു അപേക്ഷിച്ച് ഞങ്ങൾക്ക് നീ തരുവക്കേണമെന്ന് നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

ഭാഗ്യവതിയായ അന്നാ അമ്മെ...

മു. ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്ക ഞങ്ങൾ യോഗ്യരാകുവാൻ,

സ. വി. അന്നാ അമ്മെ, ഞങ്ങൾക്കവേണ്ടി അപേക്ഷിക്കേണമെ.

## പ്രാൎത്ഥിക്ക.

സൎവ്വേശ്വരാ, ഏകജാതനായ നിന്റെ ദിവ്യപുത്രനെ പ്രസവിച്ചവളുടെ മാതാവാകുവാൻ യോഗ്യയായി തീരത്തക്കവണ്ണം വരപ്രസാദത്താൽ ഭാഗ്യപ്പെട്ട അന്നാ അമ്മയെ അലങ്കരിപ്പാൻ നീ തിരുമനസ്സായല്ലൊ. അവളുടെ സ്മരണയെ ഭക്തിപൂൎവ്വം കൊണ്ടാടുന്ന ഞങ്ങൾ അവളുടെ ശക്തിയേറിയ മാദ്ധ്യസ്ഥത്താൽ സഹായിക്കപ്പെടുവാനും ഞങ്ങളുടെ കൎത്താവീശോമിശിഹായെക്കുറിച്ച് നീ കൃപചെയ്യരുളേണമെ. ആമ്മേൻ.

2. എത്രയും ദയയുള്ള വി. അന്നാ അമ്മെ.

എത്രയും ദയയുള്ള വി. അന്നാ അമ്മെ, നിന്റെ സങ്കേതത്തിൽ ഓടിവന്നു നിന്റെ ഉപകാരസഹായം അപേക്ഷിച്ച് നിന്റെ അപേക്ഷയുടെ സഹായത്തെ ഇരന്നവരിൽ, ഒരുവനെങ്കിലും നിന്നാൽ കൈവിടപ്പെട്ടുവെന്ന് ലോകത്തിൽ കേൾക്കപ്പെട്ടിട്ടില്ല എന്നു നീ നിനച്ചുകൊള്ളേണമെ. കന്യാവ്രതക്കാരുടെ ആശ്രയമായ, ദൈവജനനിയുടെ മാതാവെ, ദയയുള്ള അമ്മെ, ഈവണ്ണമുള്ള ശരണത്താൽ ഉറച്ച് നിന്റെ തൃപ്പാദത്തിങ്കൽ ഞാൻ അണഞ്ഞുവരുന്നു. നെടുവീൎപ്പിട്ടു കണ്ണുനീർ ചിന്തി പാപി

യായ ഞാൻ നിൻെറ ദയയുടെ ആഴത്തെ കാത്തുകൊണ്ട് നിൻെറ മുമ്പിൽ നില്ക്കുന്നു. അവതരിച്ച വചനത്തിൻ മാതാമഹി! എൻെറ അപേക്ഷയെ ഉപേക്ഷിക്കാതെ ദയാപൂർവ്വം കേട്ടരുളണമെ.

ആമ്മേൻ.

3. ഏതെങ്കിലും പ്രത്യേകനന്മ ലഭിക്കുന്നതിനു വി. അന്നാ അമ്മയോടു ജപം.

മഹിമയേറിയ വി. അന്നാ അമ്മെ, നിന്നോടു അപേക്ഷിക്കുന്നവരുടെമേൽ ദയയും സങ്കടപ്പെടുന്നവരുടെമേൽ അലിവും നിറഞ്ഞവളായ നിൻെറ പാദത്തിങ്കൽ സങ്കടങ്ങളുടെ ഘനത്താൽ അധികമായി ഭാരപ്പെട്ടിരിക്കുന്ന ഞങ്ങൾ. സാഷ്ടാംഗം വീണ് നിന്നെ ഭരമേല്പിക്കുന്ന ഈ കാര്യം നിൻെറ പ്രത്യേക ആദരവിൻകീഴ കൈക്കൊള്ളണമെന്ന് എളിമയോടുകൂടെ അപേക്ഷിക്കുന്നു.

ഈ കാര്യം നിൻെറ മകളായ ഭാഗ്യപ്പെട്ട കന്യകമറിയത്തെ ഏല്പിക്കുയും അതു ശുഭമായിത്തീരുവാൻ തക്കവണ്ണം ഈശോയുടെ സിംഹാസനത്തിൻമുമ്പാകെ ബോധിപ്പിക്കുയും ചെയ്യണമെ. ഞങ്ങളുടെ അപേക്ഷ സാധിക്കുന്നതുവരെ ഞങ്ങൾക്കുവേണ്ടി നിൻെറ അപേക്ഷ നിത്താതെ പ്രാത്ഥിക്കണമെ. നിന്നോടും മറിയത്തിനോടും സകല പുണ്യവാന്മാരോടുംകൂടെ ദൈവത്തെ മുഖമുഖമായി ദശിച്ചു തന്നെ സന്തതം സ്തുതിച്ചു വാഴുന്നതിനുള്ള ഭാഗ്യം എല്ലാററിലും മുഖ്യമായി ഞങ്ങൾക്കു നീ ലഭിപ്പിച്ചുതരണമെ.

സുകൃതജപം:— എററം ദയയുള്ള വി. അന്നാഅമ്മെ, ഞങ്ങളുടെ ആശ്വാസം ശരണവും സങ്കേതവുമായ മറിയത്തിൻെറ ജനനി! നീ ഞങ്ങൾക്കുവേണ്ടി അവളോടു പ്രാത്ഥിച്ചു ഞങ്ങളുടെ അപേക്ഷ സാധിച്ചുതരണമെ.

(3 പ്രാവശ്യം)

4. വഴിപിഴച്ചു നടക്കുന്നവൎക്കു

അമ്മയോടു ജപം.

ഭാഗ്യവതിയായ വിശുദ്ധ അന്നാ അമ്മേ, വാത്സല്യ സാമസമ്പന്നയായ നീ വഴിപിഴച്ചുപോയ കുട്ടികൾക്കുവേണ്ടി നിന്നോടപേക്ഷിക്കുന്ന ഒരു മാതാവിന്റെ നെടുവീൎപ്പുകളെയും കണ്ണുനീരുകളെയും ഒരിക്കലും നിരാകരിക്കാറില്ലല്ലോ. ഇതാ, എന്റെ ദുഃഖവും ഹൃദയവ്യാകുലതയും ഏതുവിധമെന്നു നീ അറിയുന്നു. അതിനാൽ, വഴിപിഴച്ചു നടക്കുന്ന നിൎഭാഗ്യപ്പെട്ട ഈ ആത്മാവിനെ ദയയോടെ നീ തൃക്കൺപാൎത്തു്, ഇയാൾ ദൈവത്തെ വീണ്ടും വിശ്വസ്തതയോടെ ശുശ്രൂഷിച്ചു് നിത്യഭാഗ്യം പ്രാപിക്കുന്നതിനായി രക്ഷാമാൎഗ്ഗത്തിലേക്കു ഇയാളെ നീ തിരികെ കൊണ്ടുവരേണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ഞങ്ങളുടെ കൎത്താവീശോമിശിഹായെക്കുറിച്ചു ഈ അനുഗ്രഹം ഞങ്ങൾക്കു നീ പ്രാൎത്ഥിച്ചുതരേണമേ. ആമ്മേൻ

3 നന്മ.

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. M200 Acc. No. 14205

This book should be returned on or before th
date last stamped below.

M800 14205

പ്രഗതി (ഛാദൽ)

വി. അന്നാമ്മ.

KOTTAYAM PUBLIC LIBRARY

ll No. M ൨൦൦ ... Acc. No. 14205

thor ...... ശശി ([illegible]) ......

e ...... വി. അന്നാ [illegible] ......